2023
MARCH
31
FRIDAY

# സൊസൈറ്റി ടുഡേ

Special Issue-e Paper
E-mail: societytodaynews@gmail.com




# കോവിഡ് വീണ്ടും പിടിമുറുക്കുന്നു

**തിരുവനന്തപുരം:** രാജ്യത്തും സംസ്ഥാനത്തും പ്രതിദിന കോവിഡ് ബാധിതരുടെ എണ്ണം വർധിക്കുന്നു.രാജ്യത്ത് ഇന്നലെ മാത്ര മാത്രം 1606 കൊവിഡ് കേസുകളാണ് റിപോർട്ടു ചെയ്തത്.സംസ്ഥാനത്ത് ഇന്നലെ 765 കേസുകളും റിപ്പോർട്ടു ചെയ്തു.ആക്ടീവ് കേസുകളിലും കേരളമാണു മുന്നിൽ.ഒരു മാസത്തിനിടയിൽ 20 കൊവിഡ് മരണങ്ങളും റിപ്പോർട്ടു ചെയ്തു. സംസ്ഥാനത്ത് ഫെബ്രുവരിയിൽ കേസുകൾ തീരെ കുറവായിരുന്നു. എന്നാൽ മാർച്ചോടെ നേരിയ വർധനവുണ്ടായി. എറണാകുളം, തിരുവനന്തപുരം ജില്ലകളിലാണ് കോവിഡ് കേസുകൾ കൂടുതൽ. ജനിതക പരിശോധനയ്ക്ക് അയച്ചതിൽ കൂടുതലും ഒമിക്രോണാണ് കണ്ടെത്തിയിട്ടുള്ളതെന്നും ജനിതക പരിശോധന വർധിപ്പിക്കാൻ നിർദ്ദേശം നൽകിയതായും മന്ത്രി വീണ ജോർജ്ജ് പറഞ്ഞു.

പ്രമേഹം, രക്താതിമർദം തുടങ്ങിയ ജീവിതശൈലി രോ



ഗങ്ങളുള്ളവരും, ഗർഭിണികളും, പ്രായമായവരും, കുട്ടികളും പ്രത്യേകം ശ്രദ്ധിക്കണം. ഒരു മാസത്തിനിടെ 20 കോവിഡ് മരണം ഉണ്ടായിട്ടുള്ളതിൽ 60 വയസിന് മുകളിൽ പ്രായമുള്ളവരാണ് അധികവും. ഐസിയുവിൽ ചികിത്സയിലുള്ളവരിലധികവും പ്രായമുള്ളവരാണ്. അവരിൽ പ്രമേഹവും, രക്താതിമർദവും തുടങ്ങിയ ജീവിതശൈലി രോഗങ്ങളുള്ളവരാണ് അധികവും. പ്രമേഹം, രക്താതിമർദം തുടങ്ങിയ ജീവിതശൈലീ രോഗങ്ങളുള്ളവരും, പ്രായമായവരും, ഗർഭിണികളും, കുട്ടികളും മാസ്ക് കൃത്യമായി ധരിക്കണം. ഇവർ കോവിഡ് രോഗ ലക്ഷണങ്ങളുണ്ടെങ്കിൽ പരിശോധന നടത്തണം. ആശുപത്രികളിലും മാസ്ക് നിർബന്ധമാണ്. കോവിഡ് കേസുകൾകൂടുന്ന സാഹചര്യത്തിൽ പ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താൻ എല്ലാ ജില്ലകൾക്കും നിർദേശം നൽകിയതായും മന്ത്രി വീണാ ജോർജ് വ്യക്തമാക്കി. കോവിഡ് കേസുകൾ വർധിക്കുന്നത് മുന്നിൽ കണ്ടുള്ള സർജ് പ്ലാനുകൾ എല്ലാ ജില്ലകളും തയ്യാറാക്കിയിട്ടുണ്ട്. സ്വകാര്യ ആശുപത്രികൾ കൃത്യമായി കോവിഡ് കേസുകൾ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## എച്ച്‌യുഐഡി: സമയപരിധി നീട്ടില്ലെന്ന് ബിഐഎസ്



**ന്യൂഡൽഹി :** സ്വർണാഭരണങ്ങളുടെ നിർബന്ധിത എച്ച്‌യുഐഡി ഹാൾമാർക്കിങ് 6 മാസത്തേക്കെങ്കിലും നീട്ടിവയ്ക്കണമെന്ന ജ്വല്ലറി സംഘടനകളുടെ ആവശ്യം തൽക്കാലം പരിഗണിക്കുന്നില്ലെന്ന് ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേഡ്സ് (ബിഐഎസ്) ഡയറക്ടർ പ്രമോദ് കുമാർ തിവാരി അറിയിച്ചു. പഴയ സ്റ്റോക്ക് വിറ്റുതീർക്കാൻ 2 വർഷത്തോളം സമയം നൽകിക്കഴിഞ്ഞതാണ്.

2021 ൽ സ്റ്റോക്ക് വെളിപ്പെടുത്താൻ ജ്വല്ലറികളോട് ആവശ്യപ്പെട്ടെങ്കിലും രാജ്യത്ത് 16,000 കടകൾ മാത്രമാണു തയാറായത്. ഇവരുടെ കണക്കിലുള്ള പഴയ സ്റ്റോക്ക് വിറ്റുകഴിഞ്ഞെന്നാണ് ബിഐഎസിന്റെ വിലയിരുത്തൽ. കാലാവധി നീട്ടുന്നതു സംബന്ധിച്ച് ജ്വല്ലറി അസോസിയേഷനുകൾ നൽകിയ ഹർജി കേരള ഹൈക്കോടതിയുടെ പരിഗണനയിലാണ്.

ആഭരണത്തിന്റെ ഇനം, ഹാൾമാർക്ക് ചെയ്ത ജ്വല്ലറി, ജ്വല്ലറിയുടെ റജിസ്ട്രേഷൻ നമ്പർ, ഹാൾമാർക്കിങ് സെന്ററിന്റെ പേര്, നമ്പർ, വിലാസം, ഹാൾമാർക്കിങ് തീയതി, സ്വർണത്തിന്റെ മാറ്റ് എന്നിവയാണ് എച്ച്!യുഐഡി നൽകിയാൽ നിലവിൽ അറിയാൻ കഴിയുന്നത്. ഇതിനൊപ്പം ഉടൻ തന്നെ തൂക്കവും ലഭ്യമാക്കും. ഹാൾമാർക്ക് ചെയ്യുന്ന ലേസർ മെഷീനുകൾ ബിഐഎസുമായി കണക്ട് ചെയ്തും സുതാര്യത ഉറപ്പാക്കും.

## ഇന്ത്യയിൽ ഗൂഗിളിന് വൻ തിരിച്ചടി, 30 ദിവസത്തിനുള്ളിൽ 1,337 കോടി പിഴ അടയ്ക്കണമെന്ന നടപടി ശരിവച്ച് ട്രിബ്യൂണൽ



**ന്യൂദൽഹി:** സിസിഐ ചുമത്തിയ 1,337.76 കോടി രൂപയുടെ പിഴ ഗൂഗിൾ അടയ്ക്കേണ്ടിവരുമെന്ന് നാഷണൽ കമ്പനി ലോ അപ്പലേറ്റ് ട്രിബ്യൂണൽ വിധിച്ചു. എൻസിഎൽഎടിയുടെ രണ്ടംഗ ബെഞ്ച് നിർദേശം നടപ്പാക്കാനും 30 ദിവസത്തിനകം തുക അടയ്ക്കാനും ഗൂഗിളിനോട് നിർദേശിച്ചു. ആൻഡ്രോയിഡ് മൊബൈൽ ഉപകരണങ്ങളുമായി ബന്ധപ്പെട്ട് മത്സര വിരുദ്ധ പ്രവർത്തനങ്ങളുടെ പേരിൽ കഴിഞ്ഞ വർഷം ഒക്ടോബർ 20ന് കോമ്പറ്റീഷൻ കമ്മിഷൻ ഓഫ് ഇന്ത്യ (സിസിഐ) ഗൂഗിളിന് 1,337.76 കോടി രൂപ പിഴ ചുമത്തിയിരുന്നു.

സിസിഐ പാസാക്കിയ ഉത്തരവുകൾക്ക് മേലുള്ള അപ്പീൽ അതോറിറ്റിയായ നാഷണൽ കമ്പനി ലോ അപ്പലേറ്റ് ട്രിബ്യൂണലിന് (എൻസിഎൽഎടി) മുൻപാകെ ഗൂഗിൾ ഈ വിധിയ്ക്കെതിരെ രംഗത്തെത്തിയിരുന്നു. എന്നാൽ എൻസിഎൽഎടി ഗൂഗിളിന്റെ ഹർജി തള്ളുകയും സിസിഐ നടത്തിയ അന്വേഷണത്തിൽ സ്വാഭാവിക നീതിയുടെ ലംഘനമൊന്നും ഉണ്ടായിട്ടില്ലെന്നും വ്യക്തമാക്കി.

ഗൂഗിളിനെതിരെ സിസിഐ ചുമത്തിയ 1337 കോടി രൂപ പിഴ സ്റ്റേ ചെയ്യാൻ സുപ്രീം കോടതിയും വിസമ്മതിച്ചിരുന്നു. മൊബൈൽ ഓപ്പറേറ്റിങ് സിസ്റ്റമായ ആൻഡ്രോയിഡിനുമേൽ, അംഗീകരിക്കാനാകാത്ത രീതിയിൽ ആധിപത്യ സ്വഭാവം കാണിക്കുന്നതിനെതിരെയാണ് ഗൂഗിളിന് സിസിഐ പിഴ ചുമത്തിയത്. ഇന്ത്യൻ ടെക്നോളജി മേഖലയുടെ ഉയിർത്തെഴുന്നേൽപ്പിലേക്കു നയിച്ചേക്കാവുന്ന സുപ്രധാന വിധിയായിരിക്കാം ഇതെന്ന വിലയിരുത്തലും ഉണ്ട്.

## ആക്സിസ് എസ്&പി 500 ഇടിഎഫ് ഫണ്ട് ഓഫ് ഫണ്ട് ഏപ്രിൽ 5 വരെ




**ന്യൂദൽഹി:** ഇടിഎഫുകളിൽ നിക്ഷേപിക്കുന്ന ഓപൺ എൻഡഡ് ഫണ്ട് ഓഫ് ഫണ്ട് പദ്ധതിയായ ആക്സിസ് എസ് & പി ഇടിഎഫ് ഫണ്ട് ഓഫ് ഫണ്ട് അവതരിപ്പിച്ചു. പുതിയ ഫണ്ട് ഓഫർ ഏപ്രിൽ അഞ്ചിന് അവസാനിക്കും. കുറഞ്ഞത് 500 രൂപയും തുടർന്ന് ഓരോ രൂപയുടെ ഗുണിതങ്ങളും നിക്ഷേപിക്കാം.

പദ്ധതിയുടെ നിക്ഷേപങ്ങളിൽ 95 ശതമാനവും എസ് & പി 500 ടിആർഐ പ്രതിഫലിപ്പിക്കുന്ന ആഗോള ഇടിഎഫുകളിലാവും നിക്ഷേപിക്കുക. പുതിയ നിക്ഷേപകർക്കും നിലവിലുള്ള നിക്ഷേപകർക്കും പ്രയോജനപ്പെടുത്താവുന്ന പദ്ധതിയായി ഇതിനെ കണക്കാക്കാം. വൈവിധ്യവൽക്കരണത്തിനും ഇതു സഹായകമാകും. അമേരിക്കൻ ഓഹരി വിപണിയിൽ ലിസ്റ്റു ചെയ്തിട്ടുള്ള 500 വൻകിട കമ്പനികളുടെ പ്രകടനം പിന്തുടരുന്നതിൻറെ ഗുണവും ഇതിലൂടെ ലഭിക്കും.



# മെട്രോ റെയിൽ രണ്ടാം ഘട്ടം: ഭരണാനുമതി പുതുക്കി നൽകി



**തിരുവനന്തപുരം:** കൊച്ചി മെട്രോ റെയിൽ പദ്ധതിയുടെ രണ്ടാം ഘട്ടത്തിനു പുതുക്കിയ ഭരണാനുമതി നൽകാൻ മന്ത്രിസഭാ യോഗം തീരുമാനിച്ചു. കലൂർ രാജ്യാന്തര സ്റ്റേഡിയത്തിൽ നിന്നു കാക്കനാട് വഴി ഇൻഫോപാർക്ക് വരെ 11.2 കിലോമീറ്റർ ദൈർഘ്യത്തിൽ 1,957.05 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതിയാണ് നൽകിയത്. 1,571.05 കോടി രൂപയുടെ സംസ്ഥാന വിഹിതം കൂടി ഉൾപ്പെടുത്തിയാണിത്. പദ്ധതിക്കു സംസ്ഥാന സർക്കാർ അനുമതി നേരത്തേ ലഭിച്ചതാണെങ്കിലും അതു കാലഹരണപ്പെട്ട സാഹചര്യത്തിലാണു പുതിയ അനുമതി. കേന്ദ്രാനുമതിയും ലഭിച്ച പദ്ധതിയുടെ നിർമാണം ഇതുവരെയും ആരംഭിച്ചിട്ടില്ല. കേന്ദ്ര വിഹിതം ലഭിച്ചിട്ടുമില്ല. പദ്ധതിക്കു വായ്പ നൽകാൻ സന്നദ്ധത അറിയിച്ച ഫ്രഞ്ച് വികസന ബാങ്ക് പിൻമാറിയതിനെത്തുടർന്നു പുതിയ ഏജൻസിയെ കണ്ടെത്തിയിട്ടില്ല. രണ്ടാംഘട്ട നിർമാണത്തിനു ജനറൽ കൺസൽട്ടന്റിനെ കണ്ടെത്താൻ വീണ്ടും ടെൻഡർ ക്ഷണിക്കും. ആദ്യ ടെൻഡറിൽ 8 കമ്പനികൾ വന്നെങ്കിലും വൻ തുകകളാണു കലോട്ട് ചെയ്തത്. ഇതു മൂലമാണു വീണ്ടും ടെൻഡർ ചെയ്യുന്നത്. മെട്രോയുടെ പ്രത്യേക സാമ്പത്തിക മേഖല, കാക്കനാട് ജംക്ഷൻ സ്റ്റേഷനുകളിലേക്കുള്ള എൻട്രി, എക്സിറ്റ് മേഖലയുടെ ജോലികൾ ആരംഭിച്ചു. കോയമ്പത്തൂരിലെ ചെണ്ടൂർ ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിനാണു 25.23 കോടി രൂപയുടെ കരാർ.

## ബണ്ട് റോഡ് നവീകരണം: 25 ലക്ഷം രൂപ അനുവദിച്ചു



**ചാരുംമൂട്:** ചുനക്കര, നൂറനാട് പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന ചുനക്കര കിഴക്ക് തുണ്ടത്തിൽ കടവ് പുലിമേൽ പുല്ലേലിൽ കടവ് ബണ്ട് റോഡ് ടാർ ചെയ്ത് നവീകരിക്കുന്നതിന് ഫിഷറീസ് വകുപ്പിൽ നിന്നും 25 ലക്ഷം രൂപ മന്ത്രി സജി ചെറിയാൻ അനുവദിച്ചതായി എം.എസ്.അരുൺകുമാർ എംഎൽഎ അറിയിച്ചു. സംസ്ഥാന ഫിഷറീസ് വകുപ്പ് നാല് വർഷം മുൻപ് 1.4 കോടി രൂപ മുടക്കി നിർമിച്ച ബണ്ട് റോഡിൽ കൂടിയുള്ള യാത്ര ദുരിതപൂർണമാണ്. ചുനക്കര, പടനിലം ഹൈസ്കൂൾഹയർ സെക്കൻഡറി സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർഥികൾ ഈ റോ!ഡിലൂടെയാണ് സഞ്ചരിക്കുന്നത്. പുലിമേൽ നിവാസികൾക്ക് മാവേലിക്കരയ്ക്കും ചുനക്കരയ്ക്കും എത്തുന്നതിനുള്ള എളുപ്പവഴി കൂടിയാണ് ഇത്.

പെരുവേലിൽചാൽ പുഞ്ചയ്ക്ക് കുറുകെ 650 മീറ്റർ നീളത്തിലാണ് ബണ്ട് പണിതിട്ടുള്ളത്. 2500 ഏക്കർ വിസ്തൃതിയുള്ള പുഞ്ചയിലെ കാർഷിക വികസനം കൂടി ലക്ഷ്യമിട്ടാണ് ബണ്ട് റോഡ് നിർമിച്ചത്. വീതി കുറവായിരുന്ന ബണ്ട് റോഡിന്റെ ഇരുവശവും കരിങ്കല്ലുകൊണ്ട് സംരക്ഷണ ഭിത്തികെട്ടിയാണ് പണിതത്. 2019ൽ പണി തീർത്ത് മാസങ്ങൾക്കുള്ളിലുണ്ടായ കനത്ത മഴയിൽ ബണ്ടിന്റെ ഒരു ഭാഗം ഇടിഞ്ഞുവീണിരുന്നു. എന്നാൽ പിന്നീട് കരാറുകാരൻ ഇത് പുനർനിർമിച്ചിരുന്നു.

പുഞ്ചയിൽ വെള്ളം പൊങ്ങുമ്പോൾ ബണ്ടിന്റെ ഇരുവശവും ഓളമടിച്ച് ബലക്ഷയം സംഭവിക്കാറുണ്ട്. ടാർ ചെയ്യുന്നതോടെ ഇതുവഴിയുള്ള ദുരിതയാത്രയ്ക്ക് പരിഹാരം കാണാൻ കഴിയും.



## വയനാടിന്റെ കെട്ടിനാട്ടി നെൽക്കൃഷി ഇനി രാഷ്ട്രപതി ഭവനിലേക്കും

**തിരുവനന്തപുരം:** കുറഞ്ഞ ചെലവിൽ കൂടുതൽ വിളവ് ലഭിക്കുന്ന കെട്ടിനാട്ടി നെൽക്കൃഷി രീതിയിലൂടെ ശ്രദ്ധേയനായ കർഷക ശാസ്ത്രജ്ഞൻ വയനാട് അമ്പലവയൽ സ്വദേശി അജി തോമസിന് രാഷ്ട്രപതി ഭവനിലേക്ക് പ്രത്യേക ക്ഷണം. ഫെസ്റ്റിവൽ ഓഫ് ഇന്നവേഷൻസ് ആൻഡ് ഒൻട്രപ്രനർഷിപ് മേളയിൽ അജി തോമസിന്റെ കണ്ടുപിടിത്തം അവതരിപ്പിക്കുന്നതിനാണ് രാഷ്ട്രപതി ഭവനിൽ നിന്ന് ക്ഷണമെത്തിയത്.

ഡൽഹിയിൽ അടുത്ത മാസം 10 മുതൽ 13 വരെയാണ് മേള. സംസ്ഥാന സർക്കാരിനെ പ്രതിനിധീകരിക്കുന്ന അജി തോമസിന്റെ യാത്രാ ചെലവുകൾ ഉൾപ്പടെയുള്ളവ കൃഷിവകുപ്പ് വഹിക്കാനുള്ള ഉത്തരവ് പുറത്തിറങ്ങി.

വയനാട്ടിലെ നെൻമേനിയിൽ നിന്നു കൊടി!നാട്ടി കൃഷി രീതി കേരളത്തിൽ പലയിടത്തും കർഷകർ പരീക്ഷിച്ച് വിജയം കണ്ടെത്തുന്നുണ്ട്. മുളപ്പിച്ച നെൽച്ചെടികൾക്ക് നഴ്സറിയിൽ ആവശ്യമായ മുഴുവൻ മൂലകങ്ങളെയും ജൈവ രീതിയിൽ നൽകി പരിചരിച്ച് വയലിലേക്ക് നിക്ഷേപിക്കാൻ പരുവത്തിലേക്ക് മാറ്റുന്നതിനുള്ള സാങ്കേതികത്വമാണ് കെട്ടിനാട്ടിയിലേത്. പഞ്ച ഗവ്യത്തിൽ സമ്പുഷ്ടീകരിച്ച ജൈവ വളക്കൂട്ടിൽ ഉണർത്തിയ നെൽവിത്തിനെ കളിക്കൂട്ടുമായി ചേർത്ത് ചുറ്റുണ്ടയാക്കി പാടത്ത് വിതറുകയോ നാട്ടുകയോ ചെയ്യുന്നതാണ് ഇതിന്റെ രീതി. നെന്മേനി ചുറ്റുണ്ട ഞാറ്റടി എന്ന പേരിൽ ഇത് പ്രചരിച്ചു വരുന്നു. ഈ രീതി വികസിപ്പിച്ചതും രൂപം നൽകിയതുതും അജി തോമസാണ്. കേരളത്തിൽ നിന്നു ക്ഷണം ലഭിച്ച 5 കർഷകരിൽ നെൽക്കൃഷിയിലെ കണ്ടുപിടിത്തത്തിന് അംഗീകാരം ലഭിച്ചിട്ടുള്ളത് അജി തോമസിന് മാത്രമാണ്.

ഒരേക്കറിന് പരമാവധി വിത്തളവ് 5 കിലോ മാത്രമാണ്. ഓരോ ചുവട് നെല്ലും സൂക്ഷ്മാണുക്കളുടെ കോളനി ആയി പ്രവർത്തിക്കുന്നതിനാൽ മണ്ണ് സമ്പുഷ്ടീകരിക്കപ്പെടുന്നു. രാസവളങ്ങളെ ഒഴിവാക്കാം. രീതിയിൽ നെല്ലിന് നല്ല വിളവ് ലഭിക്കുന്നു എന്ന് മാത്രമല്ല കാലാവസ്ഥാ വ്യത്യാസങ്ങളെയും വരൾ!ച്ചയെയും പ്രതിരോധിക്കുന്നതിനോടൊപ്പം ചെലവ് 80% വരെ കുറയ്ക്കുന്നതിനും ഈ രീതി കൊണ്ട് സാധിക്കുന്നുവെന്നും അജി തോമസ് പറയുന്നു.

## വിവിധ തസ്തികകളിലേക്ക് അപേക്ഷിക്കാം

**കൊല്ലം:** സർക്കാർ വൃദ്ധസദനത്തിൽ എച്.എൽ.എഫ്.പി.പി.ടി മുഖാന്തിരം നടപ്പിലാക്കുന്ന സെക്കന്റ് ഇന്നിംഗ്സ് ഹോം പദ്ധതിയിലേക്ക് കരാർ അടിസ്ഥാനത്തിൽ സ്റ്റാഫ്നഴ്സ്, ഹൗസ്കീപ്പിങ് സ്റ്റാഫ്, ഫിസിയോതെറാപിസ്റ്റ് തസ്തികകളിലേക്ക് അപേക്ഷ ക്ഷണിച്ചു. സ്റ്റാഫ്നഴ്സ്ന് ജിഎൻഎം/ ബിഎസ് സി ബിരുദവും 2 വർഷത്തെ പ്രവൃത്തി പരിചയവുമാണ് വേണ്ടത്. ഫിസിയോതെറാപിസ്റ്റിന് അംഗീകൃത ഫിസിയോതെറാപ്പി ബിരുദം ഉണ്ടാകണം. ഹൗസ്കീപ്പിങ് സ്റ്റാഫ് തസ്തികയിലേക്ക് 8ാം ക്ലാസ് പാസായവർക്ക് അപേക്ഷിക്കാം . പ്രായപരിധി 50വയസ്സ് .അപേക്ഷ അയക്കേണ്ട വിലാസം hr.kerala@hlfppt.org, sihkollam@hlfppt.org. അവസാന തീയതി ഏപ്രിൽ 4. വിശദവിവരങ്ങൾക്ക് 7909252751, 8714619966.



# കടമ്മനിട്ടയുടെ കുറത്തിക്ക് ചുമർചിത്രമായ് പുനർജന്മം

**കോഴഞ്ചേരി :** മലഞ്ചൂരൽ മടയിൽ നിന്നുമെത്തുന്ന കുറത്തിക്ക് ചുമർചിത്ര മാതൃകയിൽ പകർന്നാട്ടം. വിളഞ്ഞ ചൂരപ്പനമ്പും കരീലാഞ്ചി വളളികളാൽ ആടിയുലയുന്ന മുടിയും കരിനാഗക്കളവുമുൾപ്പെടെ കവിതയിലെ പ്രധാന ബിംബങ്ങളെല്ലാം സവിശേഷതയോടെ ചിത്രത്തിൽ തെളിയുന്നു. കവി കടമ്മനിട്ട രാമകൃഷ്ണന്റെ പ്രശസ്ത കവിതയായ കുറത്തിക്ക് ചിത്രരൂപം നൽകിയത് ആറന്മുള വാസ്തുവിദ്യാ ഗുരുകുലം ചീഫ് മ്യൂറൽ ആർട്ടിസ്റ്റായ സുരേഷ് മുതുകുളമാണ്. മലയാളത്തിന്റെ പ്രിയകവിയുടെ ചരമവാർഷിക ദിനമായ മാർച്ച് 31ന് കടമ്മനിട്ട സ്മൃതി മണ്ഡപത്തിൽ വൈകിട്ട് 5ന് നടത്തുന്ന ചടങ്ങിൽ കാവ്യചിത്രം പ്രദർശിപ്പിക്കും.



കണ്ണുകളുടെ സ്ഥാനത്ത് ചിറകുവിടർത്തിയ പരുന്ത്, അതിൽ അഗ്നിഗോളം. ചെവികളായി കരിനാഗം. വിളഞ്ഞ ചൂരൽ പനമ്പുപോലെ കൈ. ജലചക്രമാണ് കമ്മൽ. ജലചക്രത്തിൽ നിന്നും കഴുത്തിലൂടെ ഒഴുകുന്ന പുഴയാണ് ആടയാഭരണം. മുടു പൊട്ടിയ മൺകുടവും തേൻകുടവുമാണ് മാറിൽ. മൺകുടത്തിൽ നിന്നും മലവെള്ളത്തിൽ ഒലിച്ചെത്തുന്ന കറുത്ത മക്കളെ കാണാം. ഉയർത്തിപ്പിടിച്ച ഒരു കൈയിൽ തീപ്പൊരി, മറുകൈയുടെ വിരൽ തീയിലേക്ക് ചൂണ്ടുന്നു. ഇത്തരത്തിൽ കവിതയിലെ പ്രധാന ബിംബങ്ങൾ ചിത്രത്തിലുണ്ട്. നഗരവൽക്കരണത്തിന്റെ പ്രതീകങ്ങളായി കോട്ടകൊത്തളം, മലതുരന്ന് പാഞ്ഞ് പോകുന്ന തേരുകൾ എന്നിവയും ചിത്രത്തിലുണ്ട്. പ്രകൃതിദത്ത നിറങ്ങളാണ് ഉപയോഗിച്ചിട്ടുള്ളത്.

ആസ്വാദനത്തെ നടുക്കിയുണർത്തിയ കവിതയുടെ കരുത്ത് ചോരാതെയാണ് സുരേഷ് മുതുകുളം ചിത്രരൂപം തയാറാക്കിയത്. വരികളുടെ വിന്യാസം അനുസരിച്ച് ചിത്രം തയാറാക്കുന്നതിന് മൂന്നുമാസത്തെ പ്രയത്നം വേണ്ടി വന്നതായി അദ്ദേഹം പറഞ്ഞു. 2018ലെ മഹാപ്രളയത്തിന്റെ ആസുരത നേരിൽ കണ്ടതിന് പിന്നാലെയാണ് കവിതയ്ക്ക് ചിത്രരൂപം പകരാനുള്ള ആശയം രൂപപ്പെട്ടതെന്ന് സുരേഷ് പറഞ്ഞു.

അന്ന് പമ്പാനദിയുടെ തീരത്തുള്ള വീടിന്റെ മുകളിലിരിക്കവേ കലി തുള്ളിയെത്തുന്ന വെള്ളപ്പാച്ചിൽ കണ്ടപ്പോൾ മല കലങ്ങി വരുന്ന നദി പോൽ എന്ന കടമ്മനിട്ടയുടെ വരികളാണ് ഓർമയിലെത്തിയത്. തുടർന്ന് കുറത്തിയെ ചുമർചിത്രരൂപത്തിൽ പകർത്താനുള്ള ഒരുക്കം പതിയെ ആരംഭിച്ചു.

ചിത്രത്തിന് 5 അടി നീളവും 4 അടി വീതിയുമുണ്ട്.

ചുമർചിത്രകലയിൽ മാറ്റങ്ങൾ തീർത്ത മെക്സിക്കൻ മ്യൂറൽ ആർട്ടിസ്റ്റായ റെവേറയെ ഇഷ്ടപ്പെടുന്ന സുരേഷ് മുതുകുളം കാൽനൂറ്റാണ്ടായി ഈ രംഗത്തുണ്ട്.

വൈലോപ്പിള്ളിയുടെയും കുമാരാനാശാന്റെയും ഒ.വി. വിജയന്റെയും കൃതികൾക്കും ചിത്രഭാഷ ഒരുക്കിയിട്ടുണ്ട്. കടമ്മനിട്ടയുടെ പ്രശസ്ത കവിതകൾ ചിത്രരൂപത്തിലാക്കാനുള്ള പരിശ്രമത്തിലാണ്.

## സംസ്ഥാന യുവജന കമ്മീഷൻ യൂത്ത് ഐക്കൺ അവാർഡുകൾ പ്രഖ്യാപിച്ചു

**തിരുവനന്തപുരം:** കേരള സംസ്ഥാന യുവജന കമ്മീഷൻ 202223 വർഷത്തെ യൂത്ത് ഐക്കൺ അവാർഡുകൾ പ്രഖ്യാപിച്ചു. വിവിധ സാമൂഹിക മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച യുവജനങ്ങൾക്കാണ് കമ്മീഷൻ അവാർഡ് നൽകുന്നത്. കല/സാംസ്കാരികം, കായികം, സാഹിത്യം, കാർഷികം, വ്യവസായ സംരംഭകത്വം, സാമൂഹിക സേവനം തുടങ്ങിയ മേഖലകളിൽ നിറസാന്നിദ്ധ്യമാവുകയും വ്യത്യസ്തവും മാതൃകാപരവുമായ ഇടപെടലുകളാൽ സമൂഹത്തിനാകെ പുതുവെളിച്ചമുണ്ടാക്കുകയും ചെയ്യുന്ന യുവജനങ്ങളെയാണ് കമ്മീഷൻ നിയോഗിച്ച പ്രത്യേക ജൂറി അവാർഡിനായി തിരഞ്ഞെടുത്തത്.

കലാ സാംസ്കാരികം മേഖലയിൽ ചലച്ചിത്രനടൻ ആസിഫ് അലി അവാർഡിനർഹനായി. ഇന്ത്യൻ കായിക ഭൂപടത്തിൽ കേരളത്തിന്റെ സംഭാവനയായി ജ്വലിച്ചുയർന്ന ഒളിമ്പ്യൻ പി. ആർ. ശ്രീജേഷാണ് കായികരംഗത്തു നിന്ന് അവാർഡിനർഹനായത്. വാക്കുകളുടെ ലോകത്ത് യൗവനത്തിന്റെ പുതിയ ഭാഷയും ധിഷണയും കൊണ്ട് സ്വയം അടയാളപ്പെടുത്തിയ യുവ എഴുത്തുകാരി എം.കെ. ഷബിതയ്ക്കാണ് സാഹിത്യത്തിലുള്ള യൂത്ത് ഐക്കൺ പുരസ്കാരം.കാർഷികരംഗത്ത് നൂതനമായ പരീക്ഷണങ്ങളിലൂടെ കാർഷിക സംസ്കാരത്തിന് യൗവനത്തിന്റെ ചടുലമായ മുഖം നൽകി വിജയിപ്പിച്ച എസ്. പി സുജിത്താണ് കാർഷികരംഗത്തു നിന്ന് അവാർഡിനർഹനായത്.

പ്രകൃതി സൗഹൃദ വ്യാവസായിക മാതൃകയുടെ മുഖമായ സഞ്ചി ബാഗ്സ് സി.ഇ.ഒ. ആതിര ഫിറോസ് വ്യവസായം/സംരംഭകത്വം മേഖലയിൽ അവാർഡിനർഹനായി. ജീവകാരുണ്യ പ്രവർത്തന മേഖലയിൽ കേരളത്തിൽ തന്നെ ഏറ്റവും ശ്രദ്ധേയമായ സ്ഥാപനമായി മാറിയ ഗാന്ധിഭവൻ സാരഥി അമൽ രാജ് സാമൂഹിക സേവന മേഖലയിൽ നിന്നും യൂത്ത് ഐക്കണായി തിരഞ്ഞെടുക്കപ്പെട്ടു. എറണാകുളം മഹാരാജാസ് കോളേജിൽ നടന്ന ചടങ്ങിൽ പ്രൊഫ. എം. കെ. സാനു മാസ്റ്ററാണ് യൂത്ത് ഐക്കൺ അവാർഡ് ഫലപ്രഖ്യാപനം നടത്തിയത്.

# വൈദ്യുതി വാങ്ങൽ കരാർ: 66,250 കോടിയുടെ അധികബാധ്യത

**കൊച്ചി:** വൈദ്യുതി കമ്പനികളിൽ നിന്നു ദീർഘകാലത്തേക്കു വൈദ്യുതി വാങ്ങാൻ 2014ൽ ഒപ്പുവച്ച കരാർമൂലം ഉപയോക്താക്കൾക്കു 66,250 കോടി രൂപയുടെ അധികബാധ്യത വന്നതായി വൈദ്യുതി റെഗുലേറ്ററി കമ്മിഷനിൽ വാദം.റെഗുലേറ്ററി കമ്മിഷന്റെ അനുമതിയില്ലാതെ വൈദ്യുതി വാങ്ങിയത് അംഗീകരിച്ചു നൽകണമെന്നാവശ്യപ്പെട്ടു കെഎസ്ഇബി കമ്മിഷനു നൽകിയ അപ്പീലിന്റെ ഹിയറിങ്ങിലാണ് ഈ വാദം. വൈദ്യുതി ഉപയോഗം വർധിക്കുമെന്ന അനുമാനത്തിൽ 25 വർഷത്തേക്കു 850 മെഗാവാട്ട് വൈദ്യുതി വാങ്ങാനാണു കെഎസ്ഇബി കരാർ വച്ചത്. റെഗുലേറ്ററി കമ്മിഷന്റെ മുൻകൂർ അനുമതിയോടെ വില നിശ്ചയിച്ചോ അല്ലെങ്കിൽ ടെൻഡർ ക്ഷണിച്ചോ വേണം വൈദ്യുതി വാങ്ങാൻ. കരാർ ഒപ്പിടും മുൻപ് ഇതിന് അനുമതി വാങ്ങണം.



850 മെഗാവാട്ട് വൈദ്യുതി വാങ്ങാൻ കെഎസ്ഇബി 2 ബിഡ് വച്ചു. 450 യൂണിറ്റിനും 400നും. ആദ്യ ബിഡിൽ ഒന്നാമതു വന്ന ജിൻഡാൽ പവർ യൂണിറ്റിന് 3.60 രൂപ ഫിക്സഡ് കോസ്റ്റിൽ വൈദ്യുതി നൽകാമെന്നേറ്റു. രണ്ടാമതെത്തിയ ജാംബവ പവർ 4.15 രൂപ ഫിക്സഡ് ചാർജിനു വൈദ്യുതി നൽകാൻ തയാറായി. ജിൻഡാലിന് 200 മെഗാവാട്ടിന്റെയും ജാംബവയ്ക്കു 115 മെഗാവാട്ടിന്റെയും കരാർ നൽകി. ടെൻഡറിൽ രണ്ടാമതെത്തിയ കമ്പനിക്കു കരാർ നൽകിയാൽ തന്നെ ടെൻഡറിലെ ഏറ്റവും കുറഞ്ഞ നിരക്കിനേ നൽകാൻ പാടുള്ളൂ എന്നാണു നിയമം. അതു ലംഘിച്ചു.

40 ദിവസത്തിനു ശേഷം നടന്ന രണ്ടാമത്തെ ബിഡിൽ ആദ്യം യൂണിറ്റിനു 3.60 രൂപ ക്വോട്ട് ചെയ്ത ജിൻഡാൽ യൂണിറ്റിന് 4.43 രൂപ ക്വോട്ട് ചെയ്തു. രണ്ട് ബിഡുകളുടെയും കരാർ ഒപ്പിട്ടത് ഒരേ ദിവസം. ഇത് ഒറ്റ ടെൻഡർ ആയിരുന്നെങ്കിൽ യൂണിറ്റിന് 3.60 രൂപ നിരക്കിൽ 850 മെഗാവാട്ട് വൈദ്യുതി ലഭിക്കുമായിരുന്നു. കേരളത്തിന്റെ വൈദ്യുതി ആവശ്യം സംബന്ധിച്ച് യാഥാർഥ്യ മനസ്സിലാക്കാതെയാണു ദീർഘകാല കരാർ ഒപ്പുവച്ചതെന്നും കമ്മിഷനു മുന്നിൽ വാദം ഉയർന്നു. ഹ്യൂമൻ റൈറ്റ്സ് ആൻഡ് എൻവയൺമെന്റൽ പ്രൊട്ടക്ഷൻ ഫോറം ചെയർമാൻ ഡിജോ കാപ്പനു പുറമേ എച്ച്ടി, ഇഎച്ച്ടി കൺസ്യൂമേഴ്സ് അസോസിയേഷനും കമ്മിഷനിൽ ഹാജരായി.

2014ലെ വൈദ്യുതി വാങ്ങൽ കരാർ റെഗുലേറ്ററി കമ്മിഷൻ ഇതുവരെ അംഗീകരിച്ചിട്ടില്ല. കേന്ദ്ര റെഗുലേറ്ററി അതോറിറ്റിയിൽ നിന്നു കെഎസ്ഇബിക്ക് അനുകൂല വിധിയുണ്ടായെങ്കിലും കമ്മിഷൻ സുപ്രീം കോടതിയിൽ പോയി. തീരുമാനമെടുക്കാൻ സുപ്രീം കോടതി വീണ്ടും കമ്മിഷനോട് ആവശ്യപ്പെട്ടു.ഇതു സംബന്ധിച്ച ഹിയറിങ് ആണ് നടക്കുന്നത്. അന്തിമ സിറ്റിങ് തിരുവനന്തപുരത്ത് നടക്കും.

## ക്ലിനിക്കൽ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യണം

**തിരുവനന്തപുരം:** 2018ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്ട് പ്രകാരം കേരളത്തിലെ എല്ലാ ചികിത്സാ വിഭാഗങ്ങളിലുമുള്ള ആശുപത്രികൾ, ലബോറട്ടറികൾ, സ്കാനിങ് സെന്ററുകൾ എന്നിവ ഉൾപ്പെടെ എല്ലാ ക്ലിനിക്കൽ സ്ഥാപനങ്ങളും കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റിന്റെ വെബ്സൈറ്റിലൂടെ ഓൺലൈനായി രജിസ്ട്രേഷൻ നടത്തണം.

## കരാർ നിയമനം

**കൊല്ലം:** ജില്ലയിലെ സർക്കാർ വൃദ്ധസദനത്തിൽ സെക്കന്റ് ഇന്നിങ്സ് ഹോം പദ്ധതിയിലേക്ക് സ്റ്റാഫ് നഴ്സ്, ഹൗസ്കീപ്പിങ് സ്റ്റാഫ്, ഫിസിയോതെറാപ്പിസ്റ്റ് തസ്തികകളിലേക്ക് കരാർ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു.

ജി എൻ എം അല്ലെങ്കിൽ ബി എസ് സി നഴ്സിങ് പൂർത്തിയാക്കിയ രണ്ടുവർഷം പ്രവർത്തി പരിചയമുള്ളവർക്ക് സ്റ്റാഫ് നേഴ്സ് തസ്തികയിലേക്കും അംഗീകൃത ഫിസിയോതെറാപ്പി ബിരുദമുള്ളവർക്ക് ഫിസിയോതെറാപ്പിസ്റ്റ് ഒഴിവിലേക്കും എട്ടാം ക്ലാസ് യോഗ്യതയുള്ളവർക്ക് ഹൗസ് കീപ്പിങ് സ്റ്റാഫിലേക്കും അപേക്ഷിക്കാം. പ്രായപരിധി 50 വയസ്. ഫോൺ: 7909252751, 8714619966.



# ടോൾനിരക്ക് വർധിപ്പിക്കും; നാട്ടുകാരുടെ സൗജന്യയാത്ര നിർത്തും

**വടക്കഞ്ചേരി:** ഏപ്രിൽ ഒന്നു മുതൽ പന്നിയങ്കരരരരരരരര. പ്രദേശവാസികളുടെ സൗജന്യ യാത്ര നിർത്തലാക്കുമെന്നും ടോൾ പ്ലാസ അധികൃതർ അറിയിച്ചു. അഞ്ച് ശതമാനം മുതൽ 10 ശതമാനം വരെ വർധിപ്പിക്കാനാണ് കമ്പനി തയാറെടുക്കുന്നത്. കുതിരാൻ തുരങ്കവും വടക്കഞ്ചേരി, വഴുക്കുംപാറ, പട്ടിക്കാട്, മുടിക്കോട്, മണ്ണുത്തി മേൽപാലങ്ങളും നിർമാണം പൂർത്തിയാക്കി തുറന്നു കൊടുത്തതുകൂടി കണക്കിലെടുത്താണ് ടോൾ തുകയിൽ വൻവർധന കമ്പനി ലക്ഷ്യമിടുന്നത്. പുതിയ നിരക്ക് 31 ന് അർധരാത്രി മുതൽ നിലവിൽ വരും.

പ്രദേശവാസികൾക്ക് നിലവിൽ നൽകുന്ന സൗജന്യയാത്ര ഏപ്രിൽ മുതൽ നിർത്തലാക്കുമെന്ന അറിയിപ്പ് വൻ പ്രതിഷേധം ഉയർത്തിയിട്ടുണ്ട്. വടക്ക!ഞ്ചേരി, കിഴക്കഞ്ചേരി, വണ്ടാഴി, കണ്ണമ്പ്ര, പുതുക്കോട്, പാണഞ്ചേരി പ!ഞ്ചായത്തുകളിലെ ജനങ്ങൾക്കാണ് ഇതുവരെ സൗജന്യയാത്ര അനുവദിച്ചിരുന്നത്. വടക്കഞ്ചേരി ജനകീയ വേദി പ്രവർത്തകർ ടോൾപ്ലാസയിലെത്തി പ്രതിഷേധം അറിയിച്ചു.

ടോൾ പിരിവ് ആരംഭിച്ച് ഒരു വർഷത്തിനുള്ളിൽ മൂന്നാം തവണയാണ് ഇവിടെ നിരക്കു കൂട്ടുന്നത്. സർവീസ് റോഡിന്റെ ഉൾപ്പെടെയുള്ള നിർമാണം പൂർത്തിയാക്കാതെ ടോൾ നിരക്ക് വർധിപ്പിക്കുന്നതിനെതിരെ പ്രതിഷേധം ഉയർന്നിട്ടുണ്ട്.

# ബേപ്പൂർ മത്സ്യബന്ധന ഹാർബർ ജെട്ടി ആഴം കൂട്ടാൻ 5.94 കോടി



**ബേപ്പൂർ:** മത്സ്യബന്ധന ഹാർബർ ജെട്ടി ആഴം കൂട്ടുന്നതിന് 5.94 കോടി രൂപയുടെ പദ്ധതി. നിലവിലെ വാർഫ് അടിത്തട്ടിൽ അടിഞ്ഞ മണ്ണും ചെളിയും നീക്കി യന്ത്രവൽകൃത ബോട്ടുകൾക്കു സൗകര്യപ്രദമായ സഞ്ചാരപാത ഒരുക്കുകയാണു ലക്ഷ്യം.ജെട്ടിയുടെ നദീ മുഖത്ത് 100 മീറ്റർ വീതിയിലും 600 മീറ്റർ നീളത്തിലും ആഴം കൂട്ടാനാണ് എസ്റ്റിമേറ്റ് തയാറാക്കുന്നത്. കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാന മന്ത്രി മത്സ്യസമ്പദ യോജനയിൽ ഉൾപ്പെടുത്തിയാണു പ്രവൃത്തി. 40% സംസ്ഥാന സർക്കാർ വിഹിതം ഉപയോഗിച്ച് ഹാർബർ എൻജിനീയറിങ് വകുപ്പ് മേൽനോട്ടത്തിലാകും ഡ്രജിങ് നടത്തുക. ഇതോടൊപ്പം സിൽക്ക് പരിസരത്തെ പാറക്കെട്ടുകളും നീക്കം ചെയ്യും.

മൺസൂണിൽ ചാലിയാറിലൂടെ ഒഴുകിയെത്തിയ മണ്ണ് വാർഫിൽ അടിഞ്ഞു കൂടിയതും സിൽക്ക് പരിസരത്ത് നദിയുടെ അടിയിലുള്ള പാറക്കെട്ടുകളും ബോട്ടുകൾക്കു ഭീഷണിയായിരുന്നു. വേലിയിറക്ക സമയങ്ങളിൽ പലപ്പോഴും യാനങ്ങളുടെ അടി തട്ടുന്ന സ്ഥിതിയാണ്. ഇതു സംബന്ധിച്ചു പരാതി ഉയർന്നതോടെയാണ് ഡ്രജിങ് നടത്താൻ അധികൃതർ പദ്ധതി തയാറാക്കിയത്.

571 ബോട്ടുകൾ മത്സ്യബന്ധനത്തിനു പോകുന്ന ഹാർബറിൽ 3 വാർഫുകളായി ആകെ 370 മീറ്റർ നീളത്തിലാണ് ജെട്ടിയുള്ളത്. ഇതിൽ 50 മീറ്റർ നീളമുള്ള ലോ ലവൽ ബർത്തിങ് ജെട്ടിയിൽ വള്ളങ്ങളാണ് നിർത്തിയിടുന്നത്. ഇരു ജെട്ടിയിലും ഒരേസമയം 20 ബോട്ടുകൾ മാത്രമേ നേരിട്ടു നിർത്താനാകൂ.വാർഫിലെ അസൗകര്യം കാരണം മീൻ പിടിച്ചെത്തുന്ന ബോട്ടുകൾ നദിയിൽ നങ്കൂരമിടുകയാണ് ചെയ്യുന്നത്. ജെട്ടിയിലടുപ്പിച്ച ബോട്ടുകളിൽ നിന്നു മീൻ ഇറക്കിയ ശേഷം മാത്രമേ മറ്റുള്ളവ അടുപ്പിക്കാനാകൂയെന്ന സ്ഥിതിയാണ്. ട്രോളിങ് നിരോധനം, കടൽക്ഷോഭം, കാലാവസ്ഥ മുന്നറിയിപ്പ് തുടങ്ങിയ സന്ദർഭങ്ങളിൽ കടലിൽ പോയ മുഴുവൻ ബോട്ടുകളും കര കയറാൻ നിർബന്ധിതരാകും. ഈ സമയങ്ങളിൽ എല്ലാ ബോട്ടുകൾ ഉൾക്കൊള്ളാനുള്ള സൗകര്യം ഹാർബറിലില്ല.കരുവൻതിരുത്തിയിലും ചീർപ്പ് പാലം പരിസരത്തുമാണ് ആ സമയത്തു ബോട്ടുകൾ നിർത്തുന്നത്. ജെട്ടി ആഴം കൂട്ടുന്നതിനൊപ്പം കൂടുതൽ ബോട്ടുകൾ നിർത്തിയിടാൻ ആവശ്യമായ ഹാർബർ സൗകര്യം കൂടി ഒരുക്കണമെന്നാണു മത്സ്യത്തൊഴിലാളികളുടെ ആവശ്യം.

### കേരള വ്യവസായ നയം 2023 പ്രഖ്യാപിച്ചു

# കേരളത്തെ വികസിത വ്യവസായ ഹബ്ബാക്കിമാറ്റുക ലക്ഷ്യം

**തിരുവനന്തപുരം:** കേരളത്തിന്റെ വ്യവസായ മേഖലയിൽ കുതിച്ചുചാട്ടം സൃഷ്ടിക്കുന്നതിനായി രൂപീകരിച്ച വ്യവസായ നയം 2023ന് മന്ത്രിസഭാ യോഗം അംഗീകാരം നൽകി. കാലത്തിനനുസൃതമായ ആധുനിക വ്യവസായങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന വ്യവസായ നയം, കേരളത്തെ രാജ്യത്തെ എറ്റവും വികസിതമായ വ്യവസായങ്ങളുടെ ഹബ്ബാക്കി മാറ്റുകയെന്ന ലക്ഷ്യത്തിലാണു നടപ്പാക്കുകയെന്ന് വ്യവസായ മന്ത്രി പി. രാജീവ് വാർത്താ സമ്മേളനത്തിൽ പറഞ്ഞു. നിക്ഷേപങ്ങൾ വൻതോതിൽ ആകർഷിച്ച്, നവീന ആശയങ്ങൾ വളർത്തി, സുസ്ഥിര വ്യവസായിക അന്തരീക്ഷം സൃഷ്ടിക്കുന്നതിനു സഹായകമായ പ്രവർത്തനങ്ങൾ മുന്നോട്ടു വയ്ക്കുന്ന സമഗ്ര നയമാണു കേരള വ്യവസായ നയം 2023ൽ ഉള്ളത്. അടുത്ത സാമ്പത്തിക വർഷത്തെ നിക്ഷേപക വർഷമായി കണ്ടുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് ഇതിന്റെ ഭാഗമായി ആസൂത്രണം ചെയ്യുന്നതെന്നും മന്ത്രി പറഞ്ഞു.

വ്യവസായ വിപ്ലവം 4.0 ന്റെ ഭാഗമായി വേണ്ട സംവിധാനങ്ങൾ ഒരുക്കുന്നതിനുള്ള നിർമ്മിത ബുദ്ധിയുപയോഗിച്ച് പ്രവർത്തിക്കുന്ന നിർമാണപ്രവർത്തനങ്ങൾ, ഡാറ്റ മൈനിങ് & അനാലിസിസ്, തുടങ്ങിയവ സംരംഭങ്ങൾ ചെലവാക്കുന്ന തുകയുടെ 20% (പരമാവധി 25 ലക്ഷം രൂപ വരെ) തിരികെ നൽകുന്നതിനുള്ള പദ്ധതി, എം.എസ്.എം.ഇ വ്യവസായങ്ങൾക്ക് 5 വർഷത്തേക്ക് വൈദ്യുതി നികുതി ഇളവ് നൽകുന്ന പദ്ധതി, സ്ത്രീകൾ/പട്ടികജാതി/പട്ടികവർഗ സംരംഭകർക്ക് സ്റ്റാമ്പ് ഡ്യൂട്ടിയിലും രജിസ്ട്രേഷൻ ചാർജിലും ഇളവ്, എം.എസ്.എം.ഇ ഇതര സംരംഭങ്ങൾക്ക് സ്ഥിരമൂലധനത്തിന്റെ 100% സംസ്ഥാന ജി.എസ്.ടി വിഹിതം 5 വർഷത്തേക്ക് തിരികെ നൽകുന്നതിനുള്ള പദ്ധതി, 50 ശതമാനത്തിലധികം പ്രാദേശിക തൊഴിലാളികളെ സ്ഥിരജോലിക്കെടുക്കുന്ന വൻകിട, മെഗാ സംരംഭങ്ങളിൽ തൊഴിലാളികൾക്ക്, മാസവേതനത്തിന്റെ 25% (പരമാവധി 5000 രൂപ വരെ) തൊഴിലുടമക്ക് ഒരുവർഷത്തേക്ക് തിരികെ നൽകുന്ന പദ്ധതി, ട്രാൻസ്ജെൻഡർ തൊഴിലാളികൾക്ക് മാസവേതനത്തിന്റെ 7500 രൂപ തൊഴിലുടമക്ക് ഒരുവർഷത്തേക്ക് തിരികെ നൽകുന്ന പദ്ധതി തുടങ്ങി നിരവധി പദ്ധതികൾ വ്യവസായനയത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

മെഡിക്കൽ അനുബന്ധ വ്യവസായങ്ങൾ ശക്തിപ്പെടുത്താൻ മെഡിക്കൽ ഡിവൈസ് പാർക്കിൽ ഡിസൈനിങ്ങിനും നിർമാണത്തിനും സൗകര്യമൊരുക്കുന്നതു വ്യവസായത്തിന്റെ ഭാഗമാണെന്നും മന്ത്രി പറഞ്ഞു. ഇലക്ട്രോണിക് സിസ്റ്റം ഡിസൈനിങ്ങിലും നിർമാണ മേഖലയിലും നേട്ടമുണ്ടാക്കാനായി ഇലക്ട്രോണിക് മാനുഫാക്ചറിങ് ക്ലസ്റ്ററും ഇലക്ട്രോണിക് ഹാർഡ് വെയർ പാർക്കും സ്ഥാപിക്കും. ഇലക്ട്രോണിക്സ് വാഹന രംഗത്തെ വിപ്ലവകരമായ മുന്നേറ്റം ഉപയോഗപ്പെടുത്തുന്നതിനായി അഡ്വാൻസ്ഡ് ബാറ്ററി നിർമ്മാണ ഇവി പാർക്ക് സ്ഥാപിക്കും.

## കുട്ടികൾക്കായി അവധിക്കാല ശിൽപശാലയൊരുക്കും

വേനലവധിക്കാലത്ത് സ്കൂൾ വിദ്യാർഥികൾക്കായി കേരള സംസ്ഥാന ശാസ്ത്രസാങ്കേതിക മ്യൂസിയത്തിൽ ക്രിയേറ്റീവ് സമ്മർ സയൻസ് വർക്ക്ഷോപ്പ് 2023 ഒരുക്കുമെന്ന് ഉന്നതവിദ്യാഭ്യാസ, സാമൂഹ്യനീതി മന്ത്രി ഡോ.ആർ ബിന്ദു പറഞ്ഞു. വിദ്യാർഥികളിൽ ശാസ്ത്രാവബോധവും ശാസ്ത്ര സംസ്കാരവും വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ ഏപ്രിൽ, മെയ് മാസങ്ങളിലാണ് വർക്ക്ഷോപ്പ്.

അപേക്ഷ സമർപ്പിക്കൽ, പ്രവേശന പരീക്ഷ, ക്ലാസുകളുടെ ക്രമീകരണം തുടങ്ങിയവ സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് മ്യൂസിയത്തിന്റെ വെബ് സൈറ്റായ kstmuseum.com kµÀinmw. വിദ്യാർഥികളിലെ ശാസ്ത്രഗവേഷണ അഭിരുചി വളർത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനുമായി നടപ്പാക്കുന്ന നിരവധി പദ്ധതികളുടെ ഭാഗമായാണ് സമ്മർ സയൻസ് വർക്ക്ഷോപ്പ് എന്നും മന്ത്രി പറഞ്ഞു.



# എന്റെ കേരളം മെഗാ പ്രദർശന വിപണന മേള; ഒരുക്കങ്ങൾ അവസാന ഘട്ടത്തിൽ

കൊച്ചി: സംസ്ഥാന സർക്കാരിന്റെ രണ്ടാം വാർഷികത്തോടനുബന്ധിച്ച് സംഘടിപ്പിക്കുന്ന എന്റെ കേരളം പ്രദർശന വിപണന മേളയുടെ ഒരുക്കങ്ങൾ അവസാന ഘട്ടത്തിൽ. വികസന, ക്ഷേമ പ്രവർത്തനങ്ങളിൽ സംസ്ഥാന സർക്കാർ കൈവരിച്ച മികവും നേട്ടങ്ങളും അവതരിപ്പിക്കുന്ന മേളയുടെ സംസ്ഥാനതല ഉദ്ഘാടനം എറണാകുളം മറൈൻഡ്രൈവ് മൈതാനത്ത് ഏപ്രിൽ ഒന്നിന് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും.ഉദ്ഘാടന സമ്മേളനത്തിൽ റവന്യൂ വകുപ്പ് മന്ത്രി കെ.രാജൻ അധ്യക്ഷത വഹിക്കും. മന്ത്രിമാരായ റോഷി അഗസ്റ്റിൻ, കെ. കൃഷ്ണൻകുട്ടി, എ.കെ. ശശീന്ദ്രൻ, അഹമ്മദ് ദേവർകോവിൽ, ആന്റണി രാജു, പി.രാജീവ്, പ്രതിപക്ഷനേതാവ് വി.ഡി. സതീശൻ, മേയർ എം.അനിൽകുമാർ, എം.എൽ.എമാരായ രാമചന്ദ്രൻ കടന്നപ്പള്ളി, കെ.ബി. ഗണേശ് കുമാർ, കെ.പി. മോഹനൻ, കോവൂർ കുഞ്ഞുമോൻ എന്നിവർ സംസാരിക്കും. ജില്ലയിൽ നിന്നുള്ള എം.പിമാരും എം.എൽ.എമാരുമടക്കമുള്ള ജനപ്രതിനിധികൾ ഉദ്ഘാടനച്ചടങ്ങിൽ പങ്കെടുക്കും.യുവതയുടെ കേരളം, കേരളം ഒന്നാമത് എന്ന വിഷയത്തെ ആസ്പദമാക്കിയാണ് മേള ആവിഷ്കരിച്ചിരിക്കുന്നത്. ഏപ്രിൽ ഒന്നു മുതൽ എട്ടു വരെ അരങ്ങേറുന്ന വിപണനമേളയിലെ സ്റ്റാളുകളുടെ നിർമ്മാണം അവസാനഘട്ടത്തിലാണ്. 63680 ചതുരശ്രഅടി വിസ്തീർണത്തിൽ ഒരുങ്ങുന്ന മേളയിൽ വിവിധ സർക്കാർ വകുപ്പുകളുടെ 36 സ്റ്റാളുകൾ ഉൾപ്പെടെ നൂറിലധികം സ്റ്റാളുകൾ അണിനിരക്കുന്നുണ്ട്. സർക്കാർ വകുപ്പുകളും പൊതുമേഖലാ സ്ഥാപനങ്ങളും പങ്കെടുക്കുന്ന പ്രദർശനത്തിൽ വ്യവസായ വകുപ്പിന് കീഴിലെ എം.എസ്.എം.ഇ യൂണിറ്റുകൾ, കുടുംബശ്രീ, സ്വയം തൊഴിൽ സംരംഭങ്ങൾ എന്നിവരും പങ്കെടുക്കുന്നുണ്ട്. വിപണനമേള, ബി ടു ബി മീറ്റ്, പ്രൊജക്ട് ക്ലിനിക്കുകൾ, ടെക്നോളജി പ്രദർശനം, ചർച്ചാവേദി, ഭക്ഷ്യമേള എന്നിവയോടെയാണ് മെഗാ എക്സിബിഷൻ നടക്കുന്നത്. എല്ലാ ദിവസവും വൈകിട്ട് പ്രമുഖ കലാസംഘങ്ങൾ അണിനിരക്കുന്ന സാംസ്കാരിക പരിപാടികളും ഉണ്ടായിരിക്കും.പൊലീസ്, കൃഷി, വ്യവസായം എന്നിവയുടെ പവിലിയനുകൾ മേളയുടെ ആകർഷണമാകും. ഏപ്രിൽ ഏഴ് ഒഴികെ എല്ലാ ദിവസവും വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ സെമിനാറുകളും ബോധവത്കരണ പരിപാടികളും നടക്കും. ആധാർ രജിസ്ട്രേഷൻ, പുതുക്കൽ തുടങ്ങിയ സേവനങ്ങൾ തത്സമയം അക്ഷയയുടെ പവിലിയനിൽ ലഭിക്കും. റേഷൻ കാർഡ് സംബന്ധമായ പ്രശ്നങ്ങൾ ഭക്ഷ്യവകുപ്പിന്റെ സ്റ്റാളിൽ പരിഹരിക്കാം. റവന്യൂ സംബന്ധമായ സേവനങ്ങളുമായാണ് റവന്യൂ വകുപ്പിന്റെ സ്റ്റാൾ. മാലിന്യ സംസ്കരണത്തിലെ പുതിയ മാതൃകകൾ ശുചിത്വ മിഷൻ അവതരിപ്പിക്കും. യുവജനങ്ങൾക്കായി സേവനം, വിദ്യാഭ്യാസം, തൊഴിൽ എന്നീ മൂന്ന് വിഭാഗങ്ങളിലായി സ്റ്റാളുകളൊരുക്കും. സ്റ്റാർട്ടപ്പ് മിഷൻ, തൊഴിൽ



എംപ്ലോയ്മെന്റ് വകുപ്പുകൾ, പൊതുവിദ്യാഭ്യാസം, സാങ്കേതിക വിദ്യാഭ്യാസം, അസാപ് തുടങ്ങിയവയുടെ സ്റ്റാളുകൾ ഈ വിഭാഗത്തിലുണ്ടാകും. ഊർജമേഖലയുമായി ബന്ധപ്പെട്ട നൂതന മാതൃകകൾ അനർട്ടിന്റെയും എനർജി മാനേജ്മെന്റ് സെന്ററിന്റെയും സ്റ്റാളുകളിൽ പ്രദർശിപ്പിക്കും. കിഫ്ബിയുടെ പ്രത്യേക പവിലിയനിൽ കിഫ്ബി പദ്ധതികളുടെ അവതരണം നടക്കും.സഹകരണം, മൃഗസംരക്ഷണം, ക്ഷീരവികസനം, സപ്ലൈകോ, എക്സൈസ്, ഫയർ ആന്റ് റെസ്ക്യൂ, കെ.എസ്.ഐ.ഡി.സി, കിൻഫ്ര, മോട്ടോർ വെഹിക്കിൾ, പൊതുമരാമത്ത്, രജിസ്ട്രേഷൻ, സോഷ്യൽ ജസ്റ്റിസ്, വനിത ശിശുക്ഷേമം, സാമൂഹ്യനീതി, പട്ടികജാതി, പട്ടികവർഗം, കയർ, ലീഗൽ മെട്രോളജി, ഹോമിയോ, വനം, ഫിഷറീസ് വകുപ്പുകളും പ്രദർശനത്തിൽ പങ്കെടുക്കും. കൃഷി, വനം, പൊലീസ് വകുപ്പുകളുടെ ഔട്ട് ഡോർ ഡിസ്പ്ലേ സോണുകളും സജ്ജമാക്കുന്നുണ്ട്. പൊലീസിന്റെ ആഭിമുഖ്യത്തിൽ ദിവസവും ഡോഗ് ഷോ, വാഹന പ്രദർശനം, സ്വയരക്ഷാ പരിശീലന പ്രദർശനം എന്നിവയും പ്രദർശന നഗരിയിൽ അരങ്ങേറും.ഉദ്ഘാടന ദിവസമായ ഏപ്രിൽ ഒന്നിന് സ്റ്റീഫൻ ദേവസിയുടെ ബാൻഡ് അരങ്ങേറും. തുടർന്നുള്ള ദിവസങ്ങളിൽ (ഏപ്രിൽ 6 വരെ) വൈകിട്ട് ഏഴു മുതൽ ജാസി ഗിഫ്റ്റ് മ്യൂസിക് നൈറ്റ്, ദുർഗ വിശ്വനാഥ് വിപിൻ സേവ്യർ ഗാനമേള, താമരശ്ശേരി ചുരം ബാൻഡ്, അലോഷിയുടെ ഗസൽ രാത്രി, ആട്ടം ചെമ്മീൻ ബാൻഡ് എന്നിവ അരങ്ങേറും. ഏപ്രിൽ എട്ടിന് വൈകിട്ട് ഏഴിന് നടക്കുന്ന ഗിന്നസ് പക്രു സൂപ്പർ മെഗാഷോയോടെ മേള സമാപിക്കും.

# പൊതു ഇടങ്ങളിൽ തണ്ണീർ പന്തലുകളുമായി ദുരന്ത നിവാരണ അതോറിറ്റിയും ഇന്റർ ഏജൻസി ഗ്രൂപ്പും



**കൊച്ചി:** കനത്ത വേനലിൽ ജനങ്ങൾക്കായി പൊതു ഇടങ്ങളിൽ തണ്ണീർ പന്തലുകൾ ഒരുക്കാനൊരുങ്ങി ദുരന്ത നിവാരണ അതോറിറ്റിയും ഇന്റർ ഏജൻസി ഗ്രൂപ്പും. ജില്ലയിലെ വിവിധ ഭാഗങ്ങളിലായി നൂറ് തണ്ണീർ പന്തലുകളാണ് ഒരുക്കുന്നത്. പദ്ധതിയുടെ ആദ്യഘട്ട ഉദ്ഘാടനം കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേർന്ന് ഐ എ ജി ജനറൽബോഡി യോഗത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഉല്ലാസ് തോമസ്, ജില്ലാ കളക്ടർ എൻ എസ് കെ ഉമേഷ് എന്നിവർ ചേർന്ന് നിർവഹിച്ചു.പ്രളയം, കോവിഡ് പോലുള്ള ദുരന്ത സമയത്ത് ദുരന്തനിവാരണ വകുപ്പിന്റെ സഹകരണത്തോടെ ഇത്തരം ഏജൻസികളുടെ വലിയ സഹകരണമാണ് ജില്ലയ്ക്ക് ലഭിച്ചത്. മാലിന്യ സംസ്കരണത്തിന്റെ കാര്യത്തിൽ മികച്ച രീതിയിൽ പ്രവർത്തനങ്ങൾ ശക്തമാക്കാൻ സാധിക്കുകയും നൂറ് ശതമാനം വീടുകളിലും ഹരിത കർമ്മ സേനയുടെ സേവനം ഉറപ്പാക്കുകയും ചെയ്യണം. കോവിഡിന് സമാന്തരമായ ഈ സാഹചര്യവും എല്ലാവരുടെയും കൂട്ടായ പ്രവർത്തനത്തിലൂടെ വേഗത്തിൽ പരിഹരിക്കാൻ സാധിക്കുമെന്നും യോഗത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പറഞ്ഞു.വേനൽചൂട് രൂക്ഷമാകുന്ന സാഹചര്യത്തിൽ പൊതുജനങ്ങൾക്കായി നൂറ് തണ്ണീർ പന്തൽ ഒരുക്കുന്നത് മാതൃകാ പ്രവർത്തനമാണ്. ഇന്ന് കൊച്ചി ഏറ്റവും കൂടുതൽ അഭിമുഖീകരിക്കുന്ന മാലിന്യ പ്രശ്നത്തിലും മികച്ച രീതിയിലുള്ള കർമ്മപദ്ധതിയാണ് തയ്യാറാക്കുന്നത്. മികച്ച ജീവിത സാഹചര്യം കെട്ടിപ്പെടുക്കാൻ ജില്ലയെസഹായിക്കുന്നതിനുള്ള നടപടികളാണ് ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്നതെന്നും യോഗത്തിൽ ജില്ലാ കളക്ടർ പറഞ്ഞു. ഇന്റർ ഏജൻസി ഗ്രൂപ്പ് കൺവീനർ ടി ആർ ദേവൻ, ജില്ലാ വികസന കമ്മീഷണർ ചേതൻ കുമാർ മീണ, അസിസ്റ്റന്റ് കളക്ടർ ഹർഷിൽ ആർ മീണ, ദുരന്തനിവാരണം ഡെപ്യൂട്ടി കളക്ടർ ഉഷ ബിന്ദുമോൾ, ഹസാഡ് അനലിസ്റ്റ് അഞ്ജലി പരമേശ്വരൻ, ഐ എ ജി ജില്ലാ എക്സിക്യൂട്ടീവ് അംഗങ്ങൾ, താലൂക്ക് എക്സിക്യൂട്ടീവ് അംഗങ്ങൾ, എൻ ജി ഓ പ്രവർത്തകർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

## ഭിന്നശേഷിക്കാർക്ക് ഏകീകൃത തിരിച്ചറിയൽ കാർഡ്

**കൊച്ചി:** ഭിന്നശേഷിക്കാർക്ക് ഏകീകൃത തിരിച്ചറിയൽ കാർഡായ യു.ഡി.ഐ.ഡി നൽകുന്നതിനുള്ള നടപടികൾ ജില്ലയിൽ പുരോഗമിക്കുന്നു. കേന്ദ്രസംസ്ഥാന സർക്കാരുകൾ ഭിന്നശേഷിക്കാർക്ക് നൽകുന്ന എല്ലാവിധ ആനുകൂല്യങ്ങൾക്കും പരിഗണിക്കുന്ന ആധികാരിക രേഖയാണ് യു.ഡി.ഐ.ഡി. കാർഡ്. ലഭ്യമായ അപേക്ഷകളുടെ 90 ശതമാനവും ഇതിനോടകം ജില്ലാ തലത്തിൽ തീർപ്പാക്കി കഴിഞ്ഞു. ബാക്കി ഉള്ളവ അപേക്ഷയ്ക്കൊപ്പം വെച്ച രേഖകളുടെ പിശക് മൂലം കാർഡ് അനുമതി നൽകാൻ സാധിക്കാത്ത അവസ്ഥയിലാണുള്ളത്.ആയതിനാൽ, അപേക്ഷ നൽകിയവർ ലഭിച്ചിട്ടുള്ള എൻറോൾമെന്റ് നമ്പർ വഴി യു.ഡി.ഐ.ഡി കാർഡിന്റെ സ്റ്റാറ്റസ് അറിയുകയും നിർദേശിക്കപ്പെട്ട തിരുത്തലുകൾ വരുത്തി 10 പ്രവർത്തി ദിവസത്തിനകം അപേക്ഷ പുന:സമർപ്പിക്കുകയും ചെയ്യണമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് ജില്ലാ സാമൂഹ്യ നീതി വകുപ്പിനെയോ ജില്ലാ മെഡിക്കൽ ഓഫീസിനെയോ ബന്ധപ്പെടേണ്ടതാണ്.

## ടെൻഡർ ക്ഷണിച്ചു

**കൊച്ചി:** ഗവ. മഹാരാജാസ് താലൂക്ക് ആശുപത്രിയിലെ ആർ.എസ്.ബി.വൈ (കെ.എ.എസ്.പി) ഇൻഷുറൻസ് പദ്ധതിക്കു കീഴിൽ വരുന്ന രോഗികൾക്ക് 2023 24 സാമ്പത്തിക വർഷത്തേക്ക് ആവശ്യമായ ഇംപ്ലാൻറ് ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിന് താത്പര്യമുള്ള സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും നിബന്ധനകൾക്ക് വിധേയമായി സീൽ ചെയ്ത ടെൻഡറുകൾ ക്ഷണിച്ചു. ടെൻഡറുകൾ ഏപ്രിൽ അഞ്ചിന് ഉച്ചയ്ക്ക് 12 വരെ സൂപ്രണ്ടിൻറെ ഓഫീസിൽ സ്വീകരിക്കും. കൂടുതൽ വിവരങ്ങൾക്ക് ഫോൺ 04842210648.

## ടെൻഡർ ക്ഷണിച്ചു

**കൊച്ചി:**ഗവ. മഹാരാജാസ് താലൂക്ക് ആശുപത്രിയിലെ ആർ.എസ്.ബി.വൈ (കെ.എ.എസ്.പി) ഇൻഷുറൻസ് പദ്ധതിക്കു കീഴിൽ വരുന്ന രോഗികൾക്ക് 2023 24 സാമ്പത്തിക വർഷത്തേക്ക് ആവശ്യമായ സർജറി കിറ്റ് വിതരണം ചെയ്യുന്നതിന് താത്പര്യമുള്ള സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും നിബന്ധനകൾക്ക് വിധേയമായി സീൽ ചെയ്ത ടെൻഡറുകൾ ക്ഷണിച്ചു. ടെൻഡറുകൾ ഏപ്രിൽ അഞ്ചിന് ഉച്ചയ്ക്ക് 12 വരെ സൂപ്രണ്ടിൻറെ ഓഫീസിൽ സ്വീകരിക്കും. കൂടുതൽ വിവരങ്ങൾക്ക് ഫോൺ 0484 2210648.

## ടെൻഡർ ക്ഷണിച്ചു

**കൊച്ചി:**ഗവ. മഹാരാജാസ് താലൂക്ക് ആശുപത്രിയിലെ ആർ.എസ്.ബി.വൈ (കെ.എ.എസ്.പി) ഇൻഷുറൻസ് പദ്ധതിക്കു കീഴിൽ വരുന്ന രോഗികൾക്ക് 2023 24 സാമ്പത്തിക വർഷത്തേക്ക് ആവശ്യമായ സ്കാൻ പരിശോധനകൾ ചെയ്തുകൊടുക്കുന്നതിന് താത്പര്യമുള്ള സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും നിബന്ധനകൾക്ക് വിധേയമായി സീൽ ചെയ്ത ടെൻഡറുകൾ ക്ഷണിച്ചു. ടെൻഡറുകൾ ഏപ്രിൽ അഞ്ചിന് ഉച്ചയ്ക്ക് 12 വരെ സൂപ്രണ്ടിൻറെ ഓഫീസിൽ സ്വീകരിക്കും. കൂടുതൽ വിവരങ്ങൾക്ക് ഫോൺ 04842210648.

# കാപ്പാബ്ലാങ്ക ചെസ്സ് സ്കൂൾ ;ഇന്റർനാഷണൽ ചെസ്സ് ടൂർണമെന്റ് ആരംഭിച്ചു

**തിരുവനന്തപുരം:** കാപ്പബ്ലാങ്ക ചെസ്സ് സ്കൂളിന്റെ ഏഴാം വാർഷികത്തോടനുബന്ധിച്ച് സി. സി. എസ് ചെസ്സ് ഫെസ്റ്റിവൽ 2023 ആരംഭിച്ചു. ഏപ്രിൽ 6 വരെ തിരുവനന്തപുരം ജിമ്മി ജോർജ് ഇൻഡോർ സ്റ്റേഡിയത്തിൽ വെച്ച് ചെസ്സ് ഫെസ്റ്റിവൽ നടക്കും. ഫിഡെ റേറ്റഡ് ടൂർണമെന്റ് ആയ സി. സി. എസ് ചെസ്സ് ഫെസ്റ്റിവലിൽ മികച്ച പ്രകടനം നടത്തുന്നവർക്കായി 25 ലക്ഷം രൂപ വിലവരുന്ന സമ്മാനങ്ങളാണ് നൽകുന്നത്. സൂര്യ സ്റ്റേജ് ആൻഡ് ഫിലിം സൊസൈറ്റിയുടെ സ്ഥാപകസംവിധായകൻ സൂര്യ കൃഷ്ണമൂർത്തി, ടോപ് സീഡ് ഇന്റർനാഷണൽ മാസ്റ്റർ കൊങ്ങുവെൽ പൊന്നുസ്വാമിക്കെതിരെ ചെസ്സ് കളിച്ച് ടൂർണമെന്റ് ഉദ്ഘാടനം ചെയ്തു.ചെസ്സിനെ ഇത്രയും വലിയ രീതിയിൽ പ്രോത്സാഹിപ്പിക്കുന്ന കാപ്പാബ്ലാങ്ക ചെസ്സ് സ്കൂൾ അഭിനന്ദനമർഹിക്കുന്നുവെന്ന് സൂര്യ കൃഷ്ണമൂർത്തി പറഞ്ഞു.സിസിഎസ് ചെസ്സ് ഫെസ്റ്റിവൽ വഴി ലോകമെമ്പാടുമുള്ള കളിക്കാർക്കും പരിശീലകർക്കും ഒത്തുചേരുവാനുള്ള അവസരമാണ്. ഫിഡെ റേറ്റഡ് ടൂർണമെന്റ് ആയ ചെസ്സ് ഫെസ്റ്റിവലിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്നവർക്ക് 25 ലക്ഷം രൂപ വരുന്ന ക്യാഷ് പ്രൈസുകളും മറ്റനുബന്ധ അവാർഡുകളും നൽകും. 18 സംസ്ഥാനങ്ങളിൽ നിന്നുള്ള വിവിധ കളിക്കാരുടെ പങ്കാളിത്തം ടൂർണമെന്റിന് ദേശീയ നേടിക്കൊടുത്തു.ആവേശകരമായ ടൂർണമെന്റുകൾക്ക് പുറമേ, കാപാബ്ലാങ്ക ചെസ് സ്കൂളിലെ ഹിപ്നോതെറാപ്പിസ്റ്റ് ചീഫ് അഡ്വൈസർ ഡോ. മാർട്ടിൻ പയ്യപ്പിള്ളിയും ചെസ് അസോസിയേഷൻ ഓഫ് ട്രിവാൻഡ്രം സെക്രട്ടറിയും ചെസ് അസോസിയേഷൻ കേരള ജോയിന്റ് സെക്രട്ടറിയുമായ രാജേന്ദ്രൻ ആചാരിയും ചേർന്ന് ചടങ്ങിൽ കാപാബ്ലാങ്ക ചെസ്സ് ഫൗണ്ടേഷന്റെ ഉദ്ഘാടനം നിർവഹിച്ചു.. കൂടാതെ, മെയ് മാസത്തിൽ നടത്താൻ നിശ്ചയിച്ചിരിക്കുന്ന 'ബിലോ 1600' ന്റെ ലോഞ്ചും നടന്നു, ഗ്രൂപ്പ് ഓഫ് ടെക്നോളജി കമ്പനികളുടെ സിഇഒ വിഷ്ണു നായർ ഇവന്റ് ബ്രോഷർ കാപ്പബ്ലാങ്ക ചെസ് സ്കൂൾ പ്രിൻസിപ്പൽ ശ്രീകുമാർ. പി ക്ക് നൽകി.ചെസ്സ് മേഖലയിലെ ഗവേഷണം പ്രോത്സാഹിപ്പിക്കുന്നതിനും, പ്രത്യേകിച്ച് കേരളത്തിലെ ജുവനൈൽ ഹോമുകളിൽ, ഒരു സാമൂഹിക പുനരധിവാസ പരിപാടിയായി ചെസ്സിനെ മാറ്റാനുള്ള കാഴ്ചപ്പാടോടെയാണ് കാപബ്ലാങ്ക ചെസ്സ് ഫൗണ്ടേഷൻ രൂപീകരിച്ചത്. സ്പോൺസർഷിപ്പുകൾ, സഹായങ്ങൾ എന്നിവയിലൂടെ, ഫൗണ്ടേഷൻ പലരുടെയും ജീവിതത്തിൽ ഒരു



നിർണായക പങ്ക് വഹിക്കുമെന്ന്' , ക്യാപബ്ലാങ്ക ചെസ് ഫൗണ്ടേഷൻ ഡയറക്ടർ സച്ചിൻ കെ സലിം പറഞ്ഞു.ഫിഡെ റേറ്റഡ് ടൂർണമെന്റായ സി.സി. എസ് 2023ൽ. ക്ലാസിക്, റാപ്പിഡ്, ബ്ലിറ്റ്സ് എന്നീ മൂന്ന് വിഭാഗങ്ങളിലായാണ് ടൂർണമെന്റ് സംഘടിപ്പിച്ചത്.സി. സി. എസ് 2023 ചെസ്സ് ഫെസ്റ്റിവൽ പ്രഖ്യാപിക്കുന്നതിൽ ഒരുപാട് സന്തോഷമുണ്ട്. ഇത് വഴി ഞങ്ങളുടെ വിദ്യാർത്ഥികളുടെയും ഇന്ത്യയിലെയും ലോകമെമ്പാടുമുള്ള മറ്റ് കളിക്കാരുടെയും കഴിവും നൈപുണ്യവും പ്രദർശിപ്പിക്കാനുള്ള അവസരമായി മാറുമെന്ന് കാപബ്ലാങ്ക ചെസ് സ്കൂൾ സ്ഥാപകനും സി. ഇ. ഒ. യുമായ വിജിൻ ബാബു എസ് പറഞ്ഞു. ഗെയിമിനെ പ്രോത്സാഹിപ്പിക്കുന്നതിനും കഴിവുള്ള കളിക്കാരെ പിന്തുണയ്ക്കുന്നതിനും ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്. ഈ വർഷത്തെ ഏറ്റവും പ്രതീക്ഷയോടെ കാത്തിരിക്കുന്ന ചെസ്സ് ഇവന്റുകളിലൊന്ന് എന്ന നിലയിൽ കളിക്കാർക്ക് മത്സരിക്കാനും പഠിക്കാനും ഗെയിമിനോടുള്ള അവരുടെ അഭിനിവേശം പങ്കിടുവാനുമുള്ള വേദിയായി ഇത് മാറുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.കാപാബ്ലാങ്ക പോലെത്തെ ചെസ്സ് സ്കൂൾ ഇന്ത്യയിൽ തന്നെ ഇതാദ്യമാണ്. ചെസ്സ് വിദ്യാഭ്യാസവും മറ്റനുബന്ധ വിജ്ഞാനങ്ങളും വിവിധ മൊഡ്യൂളുകളായി തിരിച്ച് കാപാബ്ലാങ്ക വിദ്യാർത്ഥിക്കുകൾക്ക് നൽകുന്നു. 14 രാജ്യങ്ങളിൽ സാന്നിധ്യമുള്ള കാപബ്ലാങ്ക പതിനായിരത്തിലധികം വിദ്യാർത്ഥികളെ പരിശീലിപ്പിച്ചട്ടുണ്ട്. 2016ഇൽ കേരളത്തിൽ ആരംഭിച്ചത് മുതൽ ഇതുവരെ കേരളത്തിലുടനീളം 25ലധികം ജില്ലാ, സംസ്ഥാന തല പരിപാടികൾ നടത്തി.

# ചിരിപ്പിക്കാൻ വീണ്ടും സുരാജ് വെഞ്ഞാറമൂട് : 'മദനോത്സവം' ടീസർ റിലീസായി

**കൊച്ചി:** ഈ വിഷുവിന് കുടുംബപ്രേക്ഷകർക്ക് തിയേറ്ററിൽ ഒത്തൊരുമിച്ചു ചിരിക്കാനും ആസ്വദിക്കാനും സാധിക്കുന്ന ചിത്രമെന്ന ഉറപ്പു നൽകി മദനോത്സവത്തിന്റെ ടീസർ റിലീസായി. സുധീഷ് ഗോപിനാഥ് സംവിധാനം ആണ് ചിത്രത്തിന്റെ സംവിധാനം. ഇന്ന് റിലീസായ വളരെ രസകരമായ ടീസറിൽ മദനനായി സുരാജ് വെഞ്ഞാറമൂട് പ്രേക്ഷകരെ തന്റെ നർമ്മം കലർന്ന അഭിനയമികവിലൂടെ പ്രേക്ഷകരെ കൈയിലെടുക്കുന്നു. സുരാജ് വെഞ്ഞാറമൂടും ബാബു ആന്റണിയും കേന്ദ്ര കഥാപാത്രത്തിലെത്തുന്ന ചിത്രത്തിൽ ഭാമ അരുൺ, രാജേഷ് മാധവൻ, പി പി കുഞ്ഞികൃഷ്ണൻ, രഞ്ജി കാങ്കോൽ, രാജേഷ് അഴിക്കോടൻ,ജോവൽ സിദ്ധിഖ്, സ്വാതിദാസ് പ്രഭു, സുമേഷ് ചന്ദ്രൻ എന്നിവർ മറ്റു പ്രധാന കഥാപാത്രങ്ങളിൽ എത്തുന്നു. ഇ.സന്തോഷ് കുമാറിന്റെ ചെറുകഥയെ ആസ്പദമാക്കി രതീഷ് ബാലകൃഷ്ണൻ പൊതുവാളാണ് ചിത്രത്തിന് തിരക്കഥ ഒരുക്കിയത്. അജിത് വിനായക ഫിലിംസിന്റെ ബാനറിൽ വിനായക അജിതാണ് ചിത്രത്തിന്റെ നിർമാതാവ്. മദനോത്സവത്തിന്റെ അണിയറപ്രവർത്തകർ ഇവരാണ്: ഛായാഗ്രഹണം : ഷെഹനാദ് ജലാൽ, എഡിറ്റിങ്ങ് വിവേക് ഹർഷൻ, ക്രിയേറ്റീവ് പ്രൊഡ്യൂസർ: ജെയ്.കെ, പ്രൊഡക്ഷൻ ഡിസൈനർ: ജ്യോതിഷ് ശങ്കർ, സൗണ്ട് ഡിസൈൻ: ശ്രീജിത്ത് ശ്രീനിവാസൻ, പ്രൊഡക്ഷൻ കൺട്രോളർ: രഞ്ജിത് കരുണാകരൻ, ആർട്ട് ഡയറക്റ്റർ: കൃപേഷ് അയ്യപ്പൻകുട്ടി, സംഗീത സംവിധാനം : ക്രിസ്റ്റോ സേവിയർ, വസ്ത്രാലങ്കാരം: മെൽവി.ജെ, മേക്കപ്പ്: ആർ.ജി.വയനാടൻ, അസ്സോസിയേറ്റ് ഡയറക്ടർ: അഭിലാഷ് എം.യു, സ്റ്റിൽസ്: നന്ദു ഗോപാലകൃ




ഷ്ണൻ, ഡിസൈൻ: അറപ്പിരി വരയൻ, പി ആർ ഓ: പ്രതീഷ് ശേഖർ.

Teaser Link : https://youtu.be/9RP7wXRAkB8

# പുതിയ സേവിങ്സ് പദ്ധതിയുമായി ഐസിഐസിഐ പ്രു ലൈഫ്

**തൃശൂർ:** ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ് ഉപഭോക്താക്കളുടെ വൈവിധ്യമാർന്ന ആവശ്യങ്ങൾ നിറവേറ്റുന്നതിന് പര്യാപ്തമായ സേവിങ്സ് പദ്ധതി ഐസിഐസിഐ പ്രു ഗോൾഡ് അവതരിപ്പിച്ചു. ആജീവനാന്ത വരുമാനത്തിനു പുറമെ സാമ്പത്തിക സുരക്ഷിതത്വവും കുടുംബങ്ങൾക്ക് പദ്ധതി ഉറപ്പാക്കുന്നുവെന്ന് ഐസിഐസിഐ പ്രു ഗോൾഡ് എന്ന് ഐസിഐസിഐ പ്രുഡൻഷ്യൽ ചീഫ് ഡിസ്ട്രിബ്യൂഷൻ ഓഫീസർ അമിത് പാൽറ്റ പറഞ്ഞു.ഇമ്മീഡിയറ്റ് ഇൻകം, ഇമ്മീഡിയറ്റ് ഇൻകം വിത്ത് ബൂസ്റ്റർ, ഡിഫേർഡ് ഇൻകം എന്നിങ്ങനെ പ്രു ഗോൾഡ് മൂന്നുവേരിയന്റുകളിൽ ലഭ്യമാണ്. ഇമ്മീഡിയറ്റ് ഇൻകം തിരഞ്ഞെടുക്കുന്നവർക്ക് പോളിസി ഇഷ്യൂ ചെയ്ത തീയതി മുതൽ 30 ദിവസത്തിന് ശേഷം വരുമാനം സ്വീകരിക്കാൻ തുടങ്ങാം. ഇമ്മീഡിയറ്റ് ഇൻകം വിത്ത് ബൂസ്റ്റർ തിരഞ്ഞെടുക്കുന്ന ഉപഭോക്താവിന് പോളിസി ഇഷ്യൂ ചെയ്ത തീയതി മുതൽ 30 ദിവസത്തിന് ശേഷം ആരംഭിക്കുന്ന ആജീവനാന്ത വരുമാനത്തിന് പുറമെ ഓരോ അഞ്ചാമത്തെ പോളിസി വർഷത്തിലും ഉറപ്പുള്ള അധിക വരുമാനം ലഭിക്കും. ഉയരുന്ന പണപ്പെരുപ്പം ഉപഭോക്താക്കളെ അവരുടെ തൊഴിലിൽ നിന്ന് ലഭിക്കുന്ന വരുമാനത്തിന് പുറമെ ഉറപ്പുള്ള അധിക വരുമാനം ലഭിക്കുന്നതിനുള്ള ഉറവിടം കണ്ടെത്താൻ പ്രേരിപ്പിക്കുന്നതാണെന്നും അമിത് പാൽറ്റ പറഞ്ഞു.

# പ്രവാസികൾക്ക് ബില്ലുകളടക്കാൻ സൗകര്യവുമായി കാനറാ ബാങ്ക്

കൊച്ചി: പ്രവാസി ഇന്ത്യക്കാർക്ക് വിദേശത്തിരുന്ന് നാട്ടിലെ വൈദ്യുതി ബില്ല്, ഫോൺ ബില്ല്, സ്കൂൾ ഫീസ്, നികുതികൾ തുടങ്ങിയ യൂട്ടിലിറ്റി ബില്ലുകൾ രൂപയിൽ തന്നെ അടക്കാൻ ഭാരത് ബിൽ പേമെന്റ് സിസ്റ്റവുമായി (ബിബിപിഎസ്) ചേർന്ന് കാനറ ബാങ്ക് പുതിയ സൗകര്യമൊരുക്കി. ഒമാനിലെ ഇന്ത്യക്കാരായ പ്രവാസികൾക്കാണ് ഈ സൗകര്യം ഇപ്പോൾ ലഭ്യമാക്കിയിരിക്കുന്നത്. നാഷണൽ പെയ്മെന്റ് കോർപറേഷൻ ഓഫ് ഇന്ത്യയുടെ ഉപസ്ഥാപനമായ ഭാരത് ബിൽപേ ലിമിറ്റഡുമായും ഒമാനിലെ മുസൻദം എക്സ്ചേഞ്ചുമായും സഹകരിച്ചാണ് ഈ സംവിധാനം ഒരുക്കിയിരിക്കുന്നത്. പ്രവാസികൾക്കായി ഈ സൗകര്യമൊരുക്കുന്ന ആദ്യ പൊതുമേഖലാ ബാങ്കാണ് കാനറാ ബാങ്ക്.

# റവന്യൂ ഓഫീസുകൾ സ്മാർട്ടാക്കാൻ തുക അനുവദിച്ചു

**കൊച്ചി:** വൈപ്പിൻ നിയോജകമണ്ഡലത്തിലെ റവന്യൂ ഓഫീസുകൾ ആധുനികവത്കരിച്ച് ഇഓഫീസ് നടപ്പാക്കുന്നതിന് തുക അനുവദിച്ചതായി കെ.എൻ ഉണ്ണിക്കൃഷ്ണൻ എംഎൽഎ അറിയിച്ചു. ഓഫീസുകൾ സ്!മാർട്ടാക്കാൻ നിയമസഭ സാമാജികരുടെ 2022 23 വർഷത്തെ പ്രത്യേക വികസന നിധിയിൽ നിന്ന് 12,84,363 രൂപയാണ് അനുവദിച്ചത്. 16 ലാപ്ടോപ്പുകളും ഒൻപത് പ്രിന്ററുകളും ഒൻപത് സ്കാനറുകളും വാങ്ങുന്നതിന് ഈ തുക വിനിയോഗിക്കും.

കടമക്കുടി, മുളവുകാട്, എടവനക്കാട്, എളങ്കുന്നപ്പുഴ, കുഴുപ്പിള്ളി, നായരമ്പലം, ഞാറക്കൽ, പള്ളിപ്പുറം, പുതുവൈപ്പ് എന്നീ വില്ലേജ് ഓഫീസുകളിലാണ് ഇ ഓഫീസ് പദ്ധതി നടപ്പാക്കുന്നത്. കടമക്കുടിയിലും മുളവുകാടും കണയന്നൂർ താലൂക്ക് തഹസിൽദാറാണ് ഇ ഓഫീസ് പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ. മറ്റിടങ്ങളിൽ കൊച്ചി തഹസിൽദാർക്കാണ് നിർവഹണ ചുമതല. കെൽട്രോൺ തയ്യാറാക്കിയ റിപ്പോർട്ട് പ്രകാരം ആവശ്യകതയ്ക്ക് അനുസരിച്ചാണ് ഓരോ വില്ലേജിനും ഇ ഓഫീസ് പദ്ധതിക്ക് തുക അനുവദിച്ചത്. ഇതനുസരിച്ച് ഞാറക്കൽ, നായരമ്പലം വില്ലേജ് ഓഫീസുകൾക്കായി 1,13,139 രൂപ വീതവും മറ്റുള്ളവയ്ക്ക് 1,51,155രൂപ വീതവും വിനിയോഗിക്കും.

# സൈലന്റ് ഹീറോസ് 2023 അവാർഡുകൾ വിതരണം ചെയ്തു



**കൊച്ചി :** ഇവന്റ് മാനേജ്മെന്റ് അസോസിയേഷൻ ഓഫ് കേരളയുടെ (ഇമാക്) സൈലന്റ് ഹീറോസ് അവാർഡ്സ് വിതരണം കൊച്ചി ബോൾഗാട്ടി ഗ്രാൻഡ് ഹയാത്തിൽ നടന്ന ചടങ്ങിൽ നിയമസഭാ സ്പീക്കർ എ. എൻ ഷംസീർ ഉദ്ഘാടനം ചെയ്തു. സംസ്ഥാനത്ത് നടക്കുന്ന ഭൂരിഭാഗം ചടങ്ങുകളുടെയും അഭിവാജ്യ ഘടകമായി ഇന്ന് ഇവന്റ് മാനേജ്മെന്റുകൾ മാറിയിരിക്കുന്നുവെന്ന് സ്പീക്കർ എ എൻ ഷംസീർ പറഞ്ഞു. വിവാഹങ്ങൾ മുതൽ വലിയ പൊതുയോഗങ്ങൾ വരെ സുഗമവും കാര്യക്ഷമവുമായി നടക്കുവാൻ ഇവന്റ് മാനേജ്മെന്റ് ആവശ്യമാണ്. ഓരോ പരിപാടികളുടെയും മികച്ച സംഘാടനത്തിനായി പിന്നിൽ നിന്ന് പ്രവർത്തിക്കുന്നവരെ സൈലന്റ് ഹീറോസ് അവാർഡ്സ് മുന്നണിയിലേക്ക് കൊണ്ടുവരുന്നു. ഇത്തരം ഒരു പരിപാടി സംഘടിപ്പിച്ചതിന് ഇമാക് ടീമിനെ അഭിനന്ദിക്കുന്നുവെന്നും സ്പീക്കർ എ എൻ ഷംസീർ പറഞ്ഞു.ഹരിത ടൂറിസം, റിസോർട്ട് വികസനം എന്നീ മേഖലകളിലെ പ്രയത്നങ്ങൾക്കും നേട്ടങ്ങൾക്കും സിജിഎച്ച് എർത്ത് സ്ഥാപകനും ബോർഡ് അംഗവുമായ ജോസ് ഡൊമിനിക് കുരുവിനകുന്നേലിന് ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് സമ്മാനിച്ചു. സംസ്ഥാനത്തെ സുസ്ഥിര വിനോദസഞ്ചാരത്തിനുള്ള തന്റെ സംരംഭങ്ങൾക്കും സംഭാവനകൾക്കും പ്രാദേശികമായും അന്തർദേശീയമായും നിരവധി അവാർഡുകൾ മുമ്പ് അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്. ഹോസ്പിറ്റാലിറ്റി ടൂറിസം മേഖലയിലെ ശ്രദ്ധേയ സാന്നിധ്യവുമാണ് ജോസ് ഡൊമിനിക് കുരുവിനകുന്നേൽ. ലഭിച്ച 400 എൻട്രികളിൽ 48 വിഭാഗങ്ങളിലായി സ്വർണ മെഡൽ ജേതാക്കളെയും ചടങ്ങിൽ പ്രഖ്യാപിച്ചു. രാജ്യത്തുടനീളമുള്ള വ്യവസായ വിദഗ്ധരുടെ 14 അംഗ ജൂറിയുടെ വിലയിരുത്തലുകളുടെ അടിസ്ഥാനത്തിൽ വെള്ളി, വെങ്കല മെഡൽ ജേതാക്കളെയും പ്രഖ്യാപിച്ചു.ഇവന്റ് ഡെക്കറും പ്രൊഡക്ഷൻ , ടെക്നിക്കൽ സപ്പോർട്ടും സൊല്യൂഷൻ എന്റർടൈൻമെന്റ് ഡിസൈൻ, സ്റ്റേജ് കാറ്ററിംഗ് സൊല്യൂഷൻ , പേഴ്സണലൈസ്ഡ് സൊല്യൂഷനുകളുമാണ് വിവിധ കാറ്റഗറികൾ. സമൂഹത്തിൽ നടക്കുന്ന ഭൂരിഭാഗം ഒത്തുചേരലുകളും മികവുറ്റതാക്കുവാൻ ഇവന്റ് മാനേജ്മെന്റ് ഫ്രറ്റേണിറ്റിയുടെ സഹായമുണ്ടെന്നും ഈ ജോലിയിൽ ഏർപ്പെടുന്നവർ എല്ലാം ഈ മേഖലയെ കൂടുതൽ ശ്രദ്ധേയമാക്കുന്നുവെന്നും ഇവന്റ് ആന്റ് എന്റർടൈൻമെന്റ് മാനേജ്മെന്റ് അസോസിയേഷൻ ഇന്ത്യ (ഈമാ ) പ്രസിഡന്റ് സമിത്ത് സാർഗ് പറഞ്ഞു.പങ്കെടുക്കുന്ന എല്ലാവരുടെയും ആത്മവിശ്വാസവും മനോവീര്യവും വർധിപ്പിക്കുന്നതിനുമുള്ള മികച്ച വേദിയാണ് സൈലന്റ് ഹീറോ അവാർഡുകൾ എന്നും വരും കാലങ്ങളിൽ ഇതിലും മികച്ചതായി പരിപാടികൾ നടത്തുവാനാണ് ലക്ഷ്യമെന്ന് ഇമാക് പ്രസിഡന്റ് രാജു കണ്ണമ്പുഴ പറഞ്ഞു. ഇവന്റുകളിലെയും അനുബന്ധ വ്യവസായങ്ങളിലെയും പ്രൊഫഷണലുകൾക്ക് ഒരു മികച്ച നെറ്റ്വർക്കിംഗ് അവസരമാണ് ഇമാക് വാഗ്ദാനം ചെയ്തത്. പരിപാടിയിൽ ബി2ബി എക്സ്പോ, വിജ്ഞാന സെഷനുകൾ, മുഖ്യപ്രഭാഷണങ്ങൾ, പാനൽ ചർച്ചകൾ, അവാർഡുകൾ, വിനോദപരിപാടികൾ എന്നിവയും നടന്നു. വർഷങ്ങളായി സംസ്ഥാനത്തിലുടനീളമുള്ള ഇവന്റ് മാനേജ്മെന്റ് ഏജൻസികളെയും പ്രഫഷണലുകളെയും ആദരിക്കുകയും അനുമോദിക്കുകയും ചെയുന്ന വേദിയാണ് ഇമാക് സൈലന്റ് ഹീറോസ് അവാർഡ്സ്.നിത്യ മാമ്മൻ, ആര്യ ദയാൽ, താമരശ്ശേരി ചുരം, അറബിക്ക് ബാൻഡായ മിഹ്രിബൻ, ഡാൻസ് ഗ്രൂപ്പുകളായ ജെറിസ് ക്രൂ, താണ്ഡവ്, ഡൈനാമിക് ഹീറോസ്, വിവിധ വിഭാഗങ്ങളിലെ പ്രശസ്ത സംഗീതജ്ഞരും ബാൻഡുകളും വിവിധ പരിപാടികൾ അവതരിപ്പിച്ചു.

# 5 ജി : ഷവോമി ഇന്ത്യയും വിയും കൈകോർക്കുന്നു

കൊച്ചി: ഉപഭോക്താക്കൾക്ക് തടസ്സമില്ലാത്ത 5ജി അനുഭവങ്ങൾ ലഭ്യമാക്കാൻ ഷവോമി ഇന്ത്യയും വോഡഫോൺ ഐഡിയയും (വി) സഹകരിക്കും. ഈ പങ്കാളിത്തം വഴി ഷവോമി, റെഡ്മി സ്മാർട്ട് ഫോൺ ഉപയോക്താക്കൾക്ക് വി 5ജി സേവനങ്ങൾ ആരംഭിച്ചുകഴിഞ്ഞാൽ മെച്ചപ്പെട്ട ഡാറ്റാ അനുഭവങ്ങൾ ലഭിക്കുമെന്ന് കമ്പനി അവകാശപ്പെടുന്നു.ഷവോമി, റെഡ്മി നിരയിലുള്ള 18 ഡിവൈസുകൾ വി 5ജിയിൽ വിജയകരമായി പരീക്ഷിച്ചു കഴിഞ്ഞു. ഈ ഡിവൈസുകൾ സേവനങ്ങൾ അവതരിപ്പിക്കുമ്പോൾ നെറ്റ് വർക്കിനെ പിന്തുണക്കും. വിയുടെ 5ജി നെറ്റ് വർക്ക് വാണിജ്യാടിസ്ഥാനത്തിൽ പുറത്തിറക്കി കഴിഞ്ഞാൽ ഉപഭോക്താക്കൾക്ക് ഇതിനായി പ്രിഫേഡ് നെറ്റ് വർക്ക് 4ജി എന്നതിൽ നിന്ന് 5ജിയിലേക്ക് മാറ്റുക മാത്രമേ വേണ്ടി വരൂ. ഷവോമി 13 പ്രോ, റെഡ്മി നോട്ട് 12 പ്രോ 5ജി, റെഡ്മി നോട്ട് 12 പ്രോ പ്ലസ് 5ജി, റെഡ്മി നോട്ട് 12 5ജി, എംഐ 11 അൾട്രാ, എംഐ 11എക്സ് പ്രോ, ഷവോമി 11ടി പ്രോ 5ജി, ഷവോമി 11 ലൈറ്റ് എൻഇ 5ജി, റെഡ്മി കെ50ഐ, റെഡ്മി നോട്ട് 11ടി 5ജി, റെഡ്മി നോട്ട് 11 പ്രോ 5ജി, എംഐ11 എക്സ്, എംഐ 10, എംഐ 10ടി, എംഐ 10ടി പ്രോ, എംഐ 10ഐ തുടങ്ങിയവ ഈ സൗകര്യം ലഭിക്കുന്ന ഡിവൈസുകളിൽ ഉൾപ്പെടുന്നുവെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.

# എസ്പിസി ലൈഫ് സയൻസസ് ഓഹരി വിൽപ്പനയ്ക്ക്

**കൊച്ചി:** ഫാർമസ്യൂട്ടിക്കൽ മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഇന്ത്യയിലെ മുൻനിര കമ്പനിയായ എസ് പിസി ലൈഫ് സയൻസസ് ലിമിറ്റഡ് പ്രാഥമിക ഓഹരി വിൽപനയ്ക്ക് (ഐപിഒ) അനുമതി തേടി സെബിയ്ക്ക് കരടുരേഖ(ഡിആർഎച്ച്പി) സമർപ്പിച്ചു. പത്ത് രൂപ മുഖവിലയുള്ള 300 കോടി രൂപയുടെ പുതിയ ഇകിറ്റി ഓഹരികളും 8,938,870 ഇകിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ആംബിറ്റ് പ്രൈവറ്റ് ലിമിറ്റഡ്, എച്ച്ഡിഎഫ്സി ബാങ്ക് ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.

# സൈബർപാർക്കിലെ ഓഫീസ് വിപുലീകരിച്ച് ഡോക്ക്ടോസ്മാർട്ട്



കോഴിക്കോട് : സൈബർപാർക്ക് ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ഹെൽത്ത് കെയർ ഐ.ടി കമ്പനിയായ ഡോക്ക്ടോസ്മാർട്ട് ഓഫീസ് സൗകര്യങ്ങൾ വിപുലീകരിച്ചു. സർക്കാർ സൈബർപാർക്കിലെ സഹ്യ ബിൽഡിങ്ങിൽ ആരംഭിച്ച പുതിയ ഓഫീസ് സൈബർപാർക്ക് ജനറൽ മാനേജർ വിവേക് നായർ ഉദ്ഘാടനം ചെയ്തു.രണ്ടു വർഷങ്ങൾക്ക് മുൻപ് കോവിഡ് സമയത്ത് മൂന്നുപേർ ചേർന്ന് തുടങ്ങിയ കമ്പനി ഈ സാമ്പത്തിക വർഷം നൂറ് ജീവനക്കാരായി അംഗങ്ങളുടെ എണ്ണം ഉയർത്താനുള്ള രീതിയിലാണ് പ്രവർത്തിക്കുന്നത്. ഹോസ്പിറ്റൽ മാനേജ്മെന്റ് സോഫ്റ്റ്‌വെയർ സേവനങ്ങൾ നൽകുന്ന കമ്പനി പത്ത് ലക്ഷത്തോളം രോഗികൾക്ക് ഇതിനോടകം സേവനം നൽകിക്കഴിഞ്ഞു. നിലവിൽ 16ഓളം രാജ്യങ്ങളിൽ ഡോക്ക്ടോസ്മാർട്ട് സേവനം നൽകുന്നുണ്ട്. 1100 ലധികം സ്മോൾ ആൻഡ് മിഡ്സൈസ്ഡ് ക്ലിനിക്കുകളിലും പതിനായിരത്തിലധികം ഡോക്ടർമാരും ലോകത്താകമാനം ഡോക്ക്ടോസ്മാർട്ടിന്റെ സേവനം ഉപയോഗപ്പെടുത്തുന്നുണ്ട്.

# യുബിയിലൂടെ വായ്പ: ആക്സിസ് ബാങ്ക് ശ്രീറാം ഹൗസിംഗ് ഫിനാൻസ് സഹകരണം

**കൊച്ചി:** യുബി കോ ലെന്റ് പ്ലാറ്റ്ഫോമിലൂടെ വായ്പകൾ ലഭ്യമാക്കാനായി ആക്സിസ് ബാങ്കും ശ്രീറാം ഹൗസിംഗ് ഫിനാൻസ് ലിമിറ്റഡും (എസ്എച്ച്എഫ്എൽ) പങ്കാളിത്തത്തിൽ ഏർപ്പെട്ടു. ഈ സഹകരണത്തിലൂടെ ഗ്രാമീണ, അർദ്ധ നഗര പ്രദേശങ്ങളിലെ ഇടത്തരം, താഴ്ന്ന വരുമാന വിഭാഗത്തിൽ നിന്നുള്ള വായ്പക്കാർക്ക് സുരക്ഷിതമായ എംഎസ്എംഇ (സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾ) വായ്പകളും ഭവനവായ്പകളും ലഭ്യമാക്കുമെന്ന് ആക്സിസ് ബാങ്ക് ഭാരത് ബാങ്കിംഗ് മേധാവി, ഗ്രൂപ്പ് എക്സിക്യൂട്ടീവ് മുനിഷ് ശാരദ പറഞ്ഞു.ആക്സിസ് ബാങ്കിൻറെ സാമ്പത്തിക വൈദഗ്ധ്യവും എസ്എച്ച്എഫ്എല്ലിൻറെ ലോൺ പ്രോസസ്സിംഗ് ടെക്നോളജിയും ഉപയോഗിച്ച് കടം വാങ്ങുന്നവരുടെ വായ്പ സ്ഥിതി വിലയിരുത്തുകയും എസ്എച്ച്എഫ്എല്ലിൻറെ 123 ശാഖകളിലൂടെ കുറഞ്ഞ പലിശ നിരക്കിൽ അവർക്ക് വായ്പ നൽകുകയും ചെയ്യും. കോലെൻഡിംഗ് മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് വായ്പകൾ തടസ്സങ്ങളില്ലാതെ പ്രോസസ്സ് ചെയ്യുന്നതിന് ഈ സഹകരണം ടെക് പ്ലാറ്റ്ഫോമായ യുബിയെ സഹായിക്കും. ഗ്രാമീണ, അർദ്ധനഗരങ്ങളിലും സാമ്പത്തിക ഉൾപ്പെടുത്തൽ നടത്തുന്നതിനുള്ള ബാങ്കിൻറെ ഭാരത് ബാങ്കിംഗ് ദൗത്യത്തിൻറെ ഭാഗമായാണ് എസ്എച്ച്എഫ്എല്ലുമായുള്ള സഹകരണ. ഇതിലൂടെ തങ്ങളുടെ പരിധി മെച്ചപ്പെടുത്തുകയും എംഎസ്എംഇ, കുറഞ്ഞനിരക്കിലുള്ള ഭവനവായ്പ വിഭാഗത്തിലെ തങ്ങളുടെ സാന്നിധ്യം ശക്തിപ്പെടുത്തുകയും ബാങ്കിൻറെ മുൻഗണനാ വിഭാഗത്തിലെ വായ്പാ വിഭാഗം വർദ്ധിപ്പിക്കുകയും ചെയ്യും. തങ്ങളുടെ ഡിജിറ്റൽ കോലെൻറിങ് പ്ലോറ്റ്ഫോം ഉപയോഗിച്ച് പങ്കാളിത്തം വളർത്തിയെടുക്കാനും മികച്ച ഉപഭോക്തൃ അനുഭവം നൽകാനും കഴിയുന്നതിൽ തങ്ങൾ സന്തുഷ്ടരാണെന്ന് ആക്സിസ് ബാങ്ക് ഭാരത് ബാങ്കിംഗ് മേധാവി, ഗ്രൂപ്പ് എക്സിക്യൂട്ടീവ് മുനിഷ് ശാരദ പറഞ്ഞു.

# ബിനാലെയിൽ 'ഗുരു'വായി ടി എം കൃഷ്ണ; ഇന്ന് 'ശുദ്ധമദ്ദളം'



**കൊച്ചി:** ബിനാലെയിൽ മ്യൂസിക് ഓഫ് മുസിരിസിന്റെ ഭാഗമായി നാളെ ശ്രീനാരായണ ഗുരുവിന്റെ കൃതികൾ പ്രശസ്ത സംഗീതജ്ഞൻ ടി എം കൃഷ്ണ കർണാടക ശാസ്ത്രീയ സംഗീതത്തിൽ അവതരിപ്പിക്കും. വൈകിട്ട് ഏഴിന് ഫോർട്ട്കൊച്ചി കബ്രാൾ യാർഡ് പവിലിയനിലാണ് കൂടുതൽ ഗുരുദേവ കൃതികൾ ഉൾപ്പെടുത്തിയ അവതരണം. വയലിനിൽ അക്കരൈയ് സഹോദരിമാരും മൃദംഗത്തിൽ ബി ശിവരാമനും ഗഞ്ചിറയിൽ അനിരുദ്ധ് ആത്രേയയും ടി.എം. കൃഷ്ണയെ അനുഗമിക്കും. മുംബൈയിലെ എസ്എൻഎംഎസ്, ബാക്ക് വാട്ടേഴ്സ് കളക്റ്റീവ് എന്നിവയുടെ സഹകരണത്തോടെയാണ് പരിപാടി. ഇന്ന് എൻ എൻ പിള്ളയുടെ നാടകം 'ശുദ്ധമദ്ദള'ത്തിന്റെ സ്വതന്ത്ര രംഗാവിഷ്കാരം കബ്രാൾയാർഡ് പവലിയനിൽ അരങ്ങേറും. വൈകിട്ട് ഏഴിനാണ് അവതരണം. കാലത്തിനനുസരിച്ച് അർത്ഥപൂർണ മാറ്റങ്ങളോടെ പുതിയ സംവേദനതലങ്ങൾ കണ്ടെത്തുന്ന സർഗരചനയായ ശുദ്ധമദ്ദളത്തിന് പി ജെ ഉണ്ണികൃഷ്ണനാണ് സ്വതന്ത്ര ആവിഷ്കാരമൊരുക്കുന്നത്.വേർപാടിന്റെ വേദനയും കൂടിച്ചേരലിന്റെ ആനന്ദവും എത്രകണ്ട് അർത്ഥവത്താണെന്ന് വ്യക്തമാക്കുന്നതാണ് ശുദ്ധമദ്ദളം. നടൻമാരായ അമൽ രാജ്ദേവും രാജേഷ് ശർമയും രംഗത്തെത്തും. സംഗീത പരിപാടിയുടെയും നാടകത്തിന്റെയും ടിക്കറ്റുകൾ https://in.bookmyshow.com/events/kochi-muziris-biennale-2022-23/ET00346370 എന്ന ലിങ്കിൽ ബുക്ക് മൈ ഷോ ആപ്പിലും ലഭിക്കും.ഇന്ന് രാവിലെ 11നു ബിനാലെ പവിലിയനിൽ പ്രമോദ് ശങ്കറിന്റെ കവിതാസമാഹാരം 'വരാലിന്റെ മഴക്കോട്ട്' പ്രകാശനം ചെയ്യും. നാളെ രാവിലെ ഏഴുമുതൽ പുരാതന കൊച്ചി നഗരത്തിന്റെ പൈതൃക സംസ്കാര ചരിത്ര സമൃദ്ധി ആരായുന്ന പദയാത്രയുടെ രണ്ടാം ഘട്ടം നടക്കും. മട്ടാഞ്ചേരി, ഫോർട്ട്കൊച്ചി എന്നിവിടങ്ങളിൽ വിവിധ കേന്ദ്രങ്ങളിലേക്ക് നടത്തുന്ന ഹെറിറ്റേജ് ആൻഡ് ആർട്ട് ഓൺ ഫൂട്ട് എന്ന പരിപാടിക്ക് ആർക്കിടെക്റ്റ് അസ്ന പർവീൺ നേതൃത്വം നൽകും. കോ എർത്ത് ഫൗണ്ടേഷന്റെ സഹകരണത്തോടെയാണ് പദയാത്ര. കാലാവസ്ഥാ വ്യതിയാനത്തിന്റെ ദുരന്തങ്ങളെ അതിജീവിക്കുന്ന ഒരു ജനതയുടെ പൊതുബോധത്തിനു സമർപ്പണമായി തയ്യാറാക്കിയ ഡോക്യു ലഘുചിത്രം 'വക്കിൽ നിന്നും : ആഖ്യാനവും ആൾക്കാരും' ബിനാലെ വേദിയിൽ റിലീസ് ചെയ്തു. കാലാവസ്ഥാ വ്യതിയാനം ബാധിക്കുന്ന എറണാകുളം തീരദേശത്തെ ഏഴ് കുടുംബങ്ങളുടെ അനുഭവസാക്ഷ്യമാണ് 'വക്കിൽ നിന്നും'. തുടർന്ന് കഥാപാത്രങ്ങളുമായി സംഭാഷണം നടന്നു. മുതിർന്ന മാധ്യമ പ്രവർത്തക എം സുചിത്ര മോഡറേറ്ററായി. വിമൽചന്ദ്രനും അജയ് മേനോനും ചേർന്നാണ് ഡോക്യു ലഘുചിത്രം ഒരുക്കിയത്.മ്യൂസിക് ഓഫ് മുസിരിസിന്റെ ഭാഗമായി ബിനാലെ പവിലിയനിൽ ഹിന്ദുസ്ഥാനി സംഗീതജ്ഞൻ ഡോ ശുഭേന്ദു ഘോഷിന്റെ സംഗീത പരിപാടി 'ഉത്തരേന്ത്യൻ സംഗീതത്തിലൂടെ യാത്ര' അരങ്ങേറി. ഹിന്ദുസ്ഥാനി സംഗീതത്തിനു പുറമെ പരമ്പരാഗത നാടോടി പാട്ടുകളും ആലപിച്ചു. ആർട്ട്റൂമിൽ ഡോ ശുഭേന്ദു ഘോഷിന്റെ സംഗീത ശിൽപശാലയിൽ ഹിന്ദുസ്ഥാനി സംഗീതം ശാസ്ത്രീയം, അർദ്ധ ശാസ്ത്രീയം, ലഘു ശാസ്ത്രീയം ഇതിന് നാടോടി ഗാനശാഖയുമായുള്ള ബന്ധം എന്നിവ വിശദീകരിച്ചു.

# ഭിന്നശേഷിക്കാർക്ക് ഏകീകൃത തിരിച്ചറിയൽ കാർഡ്

കൊച്ചി: ഭിന്നശേഷിക്കാർക്ക് ഏകീകൃത തിരിച്ചറിയൽ കാർഡായ യു.ഡി.ഐ.ഡി നൽകുന്നതിനുള്ള നടപടികൾ ജില്ലയിൽ പുരോഗമിക്കുന്നു. കേന്ദ്രസംസ്ഥാന സർക്കാരുകൾ ഭിന്നശേഷിക്കാർക്ക് നൽകുന്ന എല്ലാവിധ ആനുകൂല്യങ്ങൾക്കും പരിഗണിക്കുന്ന ആധികാരിക രേഖയാണ് യു.ഡി.ഐ.ഡി. കാർഡ്. ലഭ്യമായ അപേക്ഷകളുടെ 90 ശതമാനവും ഇതിനോടകം ജില്ലാ തലത്തിൽ തീർപ്പാക്കി കഴിഞ്ഞു. ബാക്കി ഉള്ളവ അപേക്ഷയ്ക്കൊപ്പം വെച്ച രേഖകളുടെ പിശക് മൂലം കാർഡ് അനുമതി നൽകാൻ സാധിക്കാത്ത അവസ്ഥയിലാണുള്ളത്.ആയതിനാൽ, അപേക്ഷ നൽകിയവർ ലഭിച്ചിട്ടുള്ള എൻറോൾമെന്റ് നമ്പർ വഴി യു.ഡി.ഐ.ഡി കാർഡിന്റെ സ്റ്റാറ്റസ് അറിയുകയും നിർദേശിക്കപ്പെട്ട തിരുത്തലുകൾ വരുത്തി 10 പ്രവർത്തി ദിവസത്തിനകം അപേക്ഷ പുന:സമർപ്പിക്കുകയും ചെയ്യണമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് ജില്ലാ സാമൂഹ്യ നീതി വകുപ്പിനെയോ ജില്ലാ മെഡിക്കൽ ഓഫീസിനെയോ ബന്ധപ്പെടേണ്ടതാണ്.

# അട്ടപ്പാടിയിൽ മൂന്ന് ബാങ്കിംഗ് ഔട്ട്ലെറ്റുകൾ ആരംഭിച്ച് ഇസാഫ് ബാങ്ക്



**പാലക്കാട്:** ഇസാഫ് സ്മോൾ ഫിനാൻസ് ബാങ്ക് അട്ടപ്പാടി മേഖലയിലെ കൽക്കണ്ടി, ആനക്കട്ടി എന്നിവിടങ്ങളിൽ പുതിയ ശാഖകൾ തുറന്നു. ഷോളയൂരിൽ മൾട്ടി പർപ്പസ് കസ്റ്റമർ സർവീസ് സെന്ററും പ്രവർത്തനം ആരംഭിച്ചു. ഷോളയൂർ സെന്റർ റിസർവ് ബാങ്ക് ഡെപ്യൂട്ടി ജനറൽ മാനേജർ (എഫ്ഐഡിഡി) എ ഗൗതമൻ ഉദ്ഘാടനം ചെയ്തു. ഇസാഫ് ബാങ്ക് എംഡിയും സിഇഒയുമായ കെ. പോൾ തോമസ് അധ്യക്ഷത വഹിച്ചു. റിസർവ് ബാങ്ക് എഫ്ഐഡിഡി പ്രതിനിധി രഞ്ജിത്ത് കുമാർ, ബ്ലോക്ക് പഞ്ചായത്ത് അംഗം ഷാജു ജി., ലീഡ് ബാങ്ക് ജില്ലാ മാനേജർ ശ്രീനാഥ്, ഇസാഫ് കോഓപ്പറേറ്റീവ് സിഇഒ ക്രിസ്തുദാസ് കെ.വി., ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ രാജേഷ് ശ്രീധരൻ പിള്ള, സി എസ് സി ഹെഡ് ഓപ്പറേഷൻസ് ഗോപകുമാർ, സെഡാർ റീട്ടയിൽ മാനേജിങ് ഡയറക്ടർ അലോക് തോമസ് പോൾ എന്നിവർ സംസാരിച്ചു. ഈ ഔട്ട്ലെറ്റുകൾ തുറന്നതോടെ അട്ടപ്പാടിയിൽ ഇസാഫ് ബാങ്കിന് ഇപ്പോൾ 4 ബാങ്കിംഗ് ഔട്ട്ലെറ്റുകളാണ് ഉള്ളത് എന്ന് ഇസാഫ് ബാങ്ക് എംഡിയും സിഇഒയുമായ കെ. പോൾ തോമസ് പറഞ്ഞു. സമൂഹത്തിലെ താഴെക്കിടയിലെ ജനങ്ങളുടെ സാർവത്രിക സാമ്പത്തിക ഉൾപ്പെടുത്തൽ എന്നും ഇസാഫിന്റെ പ്രതിബദ്ധതയാണ് എന്നും അദ്ദേഹം കൂട്ടിച്ചേർത്തു. കൽക്കണ്ടിയിലെ ഇസാഫ് ബാങ്ക് ശാഖ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് അംബിക ലക്ഷ്മണനും എടിഎം കൗണ്ടർ പഞ്ചായത്ത് അംഗം ജോസും ഉദ്ഘാടനം ചെയ്തു. ബാങ്കിന്റെ ചീഫ് കംപ്ലൈൻസ് ഓഫീസർ സുദേവ് കുമാർ, ബ്രാഞ്ച് ബാങ്കിങ് ഹെഡ് രജീഷ് കളപ്പുരയിൽ, ബ്രാഞ്ച് ഇൻചാർജ് റിനു റോയ് എന്നിവർ സംസാരിച്ചു.


